19
2024
ജൂലൈ
വെള്ളി
കർക്കിടകം 4

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.223 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-223 | പേജ് 4. വില 2.00 രൂപ

02 കണ്ണൂരിൽ നിന്ന് ലഭിച്ച നിധിക്ക് 200 വർഷം പഴക്കം; പുരാവസ്തുക്കളിൽ ഇൻഡോ ഫ്രഞ്ച് നാണയവും
03 ഗൗരി ലങ്കേഷ് വധം: മുഖ്യസാക്ഷി കൂറുമാറി
04 നിരോധിത പ്ലാസ്റ്റിക്ക് ക്യാരി ബാഗുകളും ഉൽപ്പന്നങ്ങളും ഉപയോഗിക്കുന്നവർക്കെതിരെ കർശന നടപടി

# ബംഗാൾ ഉൾക്കടലിൽ പുതിയ ന്യൂനമർദ്ദം

## മത്സ്യത്തൊഴിലാളികൾക്ക് ജാഗ്രത അടുത്ത അഞ്ചുദിവസം മഴ കനക്കും



തിരുവനന്തപുരം: സംസ്ഥാനത്ത് അടുത്ത അഞ്ചു ദിവസം വ്യാപകമായി ഇടിയോടു മഴയ്ക്കും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ അതിശക്തമായ മഴയ്ക്കും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിൻറെ മുന്നറിയിപ്പ്.

വടക്കൻ ബംഗാൾ ഉൾക്കടലിൽ മധ്യഭാഗത്തായി പുതിയൊരു ന്യൂനമർദ്ദം രൂപപ്പെട്ടിട്ടുണ്ട്. അടുത്ത രണ്ടു ദിവസത്തിനുള്ളിൽ ന്യൂനമർദം ശക്തിപ്രാപിച്ചു വടക്കു പടിഞ്ഞാറ് ദിശയിൽ സഞ്ചരിച്ചു ഒഡീഷ തീരത്ത് എത്താൻ സാധ്യതയുണ്ട്.

വടക്കു കിഴക്കൻ അറബിക്കടലിൽ ഒരു ചക്രവാതച്ചുഴി സ്ഥിതി ചെയ്യുന്നു. വടക്കൻ കേരള തീരം മുതൽ തെക്കൻ ഗുജറാത്ത്തീരം വരെ ന്യൂനമർദ്ദ പാത്തിയും സ്ഥിതിചെയ്യുന്നു. അതോടൊപ്പം കേരള തീരത്തു പടിഞ്ഞാറൻ/ വടക്കു പടിഞ്ഞാറൻ കാറ്റ് ശക്തമായി തുടരുന്നു. ഇതിൻറെ ഫലമായാണ് മഴ ശക്തമാകുന്നത്. സംസ്ഥാനത്ത് അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് റെഡ്, ഓറഞ്ച് അലർട്ടുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ന് വയനാട്, കണ്ണൂർ ജില്ലകളിൽ റെഡ് അലർട്ടാണ്. അതേസമയം, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് അലർട്ടും പ്രഖ്യാപിച്ചു.

കടൽ പ്രക്ഷുബ്ധമാകാൻ സാധ്യതയുള്ളതിനാൽ കേരള കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

## തിരുവനന്തപുരത്തെ പടക്ക നിർമാണ ശാലയിലെ സ്ഫോടനം; പരിക്കേറ്റ ഉടമസ്ഥൻ മരിച്ചു


തിരുവനന്തപുരം: നന്ദിയോട് പടക്കനിർമാണ ശാലയിലുണ്ടായ പൊട്ടിത്തെറിയിൽ ഗുരുതര പരിക്കേറ്റ് ചികിത്സയിലിരുന്നയാൾ മരിച്ചു. പടക്കനിർമാണ ശാലയുടെ ഉടമ ഷിബു ആണ് മരിച്ചത്. തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് മരണം.

അപകടത്തിൽ 70 ശതമാനം പൊള്ളലേറ്റ ഷിബുവിനെ ബുധനാഴ്ച രാവിലെയാണ് മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ഷിബുവിൻറെ ഭാര്യ മഞ്ജുവിൻറെ പേരിലാണ് കടയുടെ ലൈസൻസ് എങ്കിലും ഷിബുവാണ് കട നടത്തിയിരുന്നത്.

പടക്ക നിർമാണത്തിനും വിൽപനക്കും ഇവർക്ക് ലൈസൻസ് ഉണ്ട്. അതേസമയം പരിശോധനയിൽ അളവിൽ കൂടുതൽ പടക്കം ഷെഡിൽ ഉള്ളതായി കണ്ടെത്തിയിരുന്നു.

ബുധനാഴ്ച രാവിലെ 10. 30 ഓടെയാണ് അപകടമുണ്ടായത്. വീടിന് അൽപ്പം അകലെയാണ് ഗോഡൗൺ പ്രവർത്തിച്ചിരുന്നത്. അപകട സമയത്ത് ഷിബു മാത്രമാണ് അവിടെ ഉണ്ടായിരുന്നത്. വലിയ പൊട്ടിത്തെറി ശബ്ദമുണ്ടായി. പൊട്ടിത്തെറിയിൽ കെട്ടിടം പൂർണമായി തകർന്നു. വിവരമറിഞ്ഞ് സ്ഥലത്തെത്തിയ ഫയർഫോഴ്സും പോലീസും ചേർന്നാണ് തീയണച്ചത്. അതിനുശേഷമാണ് അകത്തുണ്ടായിരുന്നു ഉടമയെ പുറത്തെത്തിച്ചത്.

## ഡോ. എം.എസ്.വല്യത്താൻ അന്തരിച്ചു



തിരുവനന്തപുരം : ലോകപ്രശസ്ത ഹൃദയശസ്ത്രക്രിയാ വിദഗ്ധൻ ഡോ. എം.എസ്.വല്യത്താൻ (90) അന്തരിച്ചു. തിരുവനന്തപുരം ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ ആദ്യ ഡയറക്ടറാണ്. മണിപ്പാൽ യൂണിവേഴ്സിറ്റിയുടെ ആദ്യ വിസിയായിരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളജിലെ ആദ്യ ബാച്ചുകാരനാണ്. മണിപ്പാലിലായിരുന്നു അന്ത്യം.

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിലെ പഠനത്തിനു ശേഷം തിരുവനന്തപുരം മെഡിക്കൽ കോളജിൽനിന്നാണ് അദ്ദേഹം എംബിബിഎസ് നേടിയത്. എംഎസ് പഠനം യൂണിവേഴ്സിറ്റി ഓഫ് ലിവർപൂളിൽ. എഫ്ആർസിഎസ് കൂടി എടുത്തശേഷം തിരികെ നാട്ടിലേക്ക്. ചണ്ഡിഗഡിലെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എജ്യുക്കേഷൻ ആൻഡ് റിസർച്ചിൽ (പിജിമർ) കുറച്ചു കാലം ജോലി ചെയ്തു. ജോലി കിട്ടിയപ്പോഴും പഠനം ഉപേക്ഷിച്ചില്ല. ഹൃദയ ശസ്ത്രക്രിയയെക്കുറിച്ച് ഉന്നതപഠനത്തിനായി ജോൺ ഹോപ്കിൻസ് അടക്കമുള്ള ഉന്നത വിദേശ സർവകലാശാലകളിലേക്ക് തിരികെപ്പോയി.

തിരുവനന്തപുരം ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ ആദ്യ ഡയറക്ടർ എന്ന നിലയിലാണ് അദ്ദേഹത്തെ മലയാളികൾക്കു കൂടുതൽ പരിചയം. മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാഴ്ചപ്പാട് തന്നെ അദ്ദേഹം മാറ്റിയെടുത്തു. മെഡിക്കൽ സാങ്കേതികവിദ്യയ്ക്ക് കൂടുതൽ ഊന്നൽ നൽകി. വിദേശത്തുനിന്നു വലിയ വില കൊടുത്തു വാങ്ങിക്കൊണ്ടിരുന്ന ഹൃദയ വാൽവുകൾ ശ്രീചിത്രയിൽ നിർമിച്ച് ഇന്ത്യയിൽ ആദ്യമായി കുറഞ്ഞ വിലയ്ക്കു വാൽവ് ലഭ്യമാക്കാൻ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്ന പരിശ്രമങ്ങളുടെ മാറ്റ് വളരെക്കൂടുതലാണ്. രക്തബാഗുകൾ നിർമിച്ചു വ്യാപകമാക്കിയതു

## ആമയിഴഞ്ചാൻ തോട് ഉടൻ വൃത്തിയാക്കും

തിരുവനന്തപുരം: തലസ്ഥാനത്തിൻറെ നഗരഹൃദയത്തിലൂടെ ഒഴുകുന്ന മാലിന്യവാഹിനിയായ ആമയിഴഞ്ചാൻ തോട് ഉടൻ വൃത്തിയാക്കാൻ തീരുമാനം. മുഖ്യമന്ത്രി വിളിച്ച പ്രത്യേക യോഗത്തിലാണ് ഇതു സംബന്ധിച്ച തീരുമാനമുണ്ടായത്.

റെയിൽവേയുടെ ഉടമസ്ഥതയിലുള്ള ഭാഗം റെയിൽവേയും ഇറിഗേഷൻ വകുപ്പിൻറെ കീഴിലുള്ള സ്ഥലം വകുപ്പും നഗരസഭയ്ക്ക് കീഴിലെ സ്ഥലങ്ങൾ നഗരസഭയും ശുചിയാക്കാനാണ് തീരുമാനമായിരിക്കുന്നത്. കൂടാതെ, ആമയിഴഞ്ചാൻ തോട് ശുചീകരണത്തിന് സബ് കളക്ടർ അധ്യക്ഷനായ സ്ഥിരം സമിതി ഉണ്ടാക്കാനും തീരുമാനമായി. നഗരസഭ, റെയിൽവേ, ഇറിഗേഷൻ വകുപ്പ് പ്രതിനിധികൾ സമിതിയിൽ അംഗങ്ങളാകും.

## പട്ടം എസ്.യു.ടി. ആശുപത്രിയ്ക്ക് ദേശീയ പുരസ്കാരങ്ങൾ

ജൂലായ് 11 നു മുംബൈയിൽ വച്ച് നടന്ന 'നാഷണൽ ഏക്സലൻസ് അവാർഡ്' വിതരണ ചടങ്ങിൽ എസ്.യു.ടി.യ്ക്ക് രണ്ട് ദേശീയ പുരസ്കാരങ്ങൾ ലഭിച്ചു. ആശുപത്രി സി.ഇ.ഒ കേണൽ രാജീവ് മണ്ണാളിയ്ക്ക് 'സി.ഇ.ഒ ഓഫ് ദി ഇയർ' അവാർഡും, വാസ്ക്കുലർ സർജറി ഡിപ്പാർട്ട്മെന്റ് മേധാവിയും. ഡോ. ബി.സി. റോയ് അവാർഡ് ജേതാവുമായ ഡോ. എം ഉണ്ണികൃഷ്ണന് 'ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡുമാണ്' ലഭിച്ചത്.

മുംബൈ ടാജ് ലാൻഡ്സ് എൻഡിൽ വച്ച് നടന്ന ചടങ്ങിൽ, 'അന്തർദിഷയുടെ' പ്രസിഡന്റും, അഹമ്മദാബാദ് ഐ.ഐ.എം മുൻ ഡീനും പ്രൊഫസ്സറും ആയ ഡോ. ഇന്ദിരാ പരീഖ് അവാർഡുകൾ സമ്മാനിച്ചു.

## വലിയതോതിൽ ക്രമക്കേട് കണ്ടെത്തിയാൽ മാത്രം നീറ്റ് പുനഃപരീക്ഷ: സുപ്രീം കോടതി

ന്യൂഡൽഹി: മേയ് അഞ്ചിന് നടന്ന നീറ്റ് യു.ജി. പരീക്ഷയിൽ വൻതോതിൽ ക്രമകേട് നടന്നെന്ന് കണ്ടെത്തിയാൽ മാത്രമേ പുനഃപരീക്ഷ നടത്താനാകൂ എന്ന് സുപ്രീം കോടതി. നീറ്റ് യുജി പുനഃപരീക്ഷ നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഹർജികൾ പരിഗണിക്കുകയായിരുന്നു സുപ്രീം കോടതി. നീറ്റ് യുജി പരീക്ഷയുടെ പവിത്രത വലിയ തോതിൽ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ മാത്രം പുനഃപരീക്ഷ നടത്തിയാൽ മതിയെന്ന് സുപ്രീം കോടതി പറഞ്ഞു. നീറ്റ് യൂജി 2024 പരീക്ഷാഫലം വന്നവരിൽ ഏകദേശം 23 ലക്ഷത്തിൽ ഒരു ലക്ഷത്തോളം പേർക്ക് അഡ്മിഷനെടുക്കാം. ഈ സാഹചര്യത്തിൽ പുനഃപരീക്ഷയ്ക്ക് ഉത്തരവിടാൻ സാധ്യമല്ലെന്നും. വൻതോതിൽ ക്രമകേട് നടന്നെന്ന് കണ്ടെത്തിയാൽ മാത്രമേ പുനഃപരീക്ഷ നടത്താനാകൂ എന്നും കോടതി വ്യക്തമാക്കി. നീറ്റ് പരീക്ഷ പേപ്പർ പ്രിന്റ് ചെയ്തതുമുതൽ പരീക്ഷ നടത്തിയതുവരെയുള്ള എല്ലാ വിവരങ്ങളും സിബിഐ അന്വേഷിച്ചുവരികയാണെന്ന് കേന്ദ്രസർക്കാർ കോടതിയെ അറിയിച്ചു. ഏഴ് തരത്തിലുള്ള സുരക്ഷാ ക്രമീകരണങ്ങളുണ്ടെന്നും സോളിസിറ്റ് ജനറൽ വ്യക്തമാക്കി.ചോദ്യപേപ്പർ ചോർത്തിയവർ എന്തിന് അത് ടെലിഗ്രാമിൽ പ്രചരിപ്പിച്ചുവെന്ന് കോടതി ആരാഞ്ഞു. എന്നാൽ, പരീക്ഷയ്ക്ക് ശേഷമാണ് ചോദ്യകടലാസ് ടെലിഗ്രാമിൽ പ്രചരിച്ചതെന്ന് സോളിസിറ്റർ ജനറൽ വ്യക്തമാക്കി. എൻടിഎ സുപ്രീം കോടതിയിൽ നൽകിയ റിപ്പോർട്ട് പ്രകാരം ഈ ചോദ്യപേപ്പർ ചോർന്നത് പരീക്ഷ നടന്നതിന്റെ രാവിലെ എട്ടുമണിക്കാണ്. 45 മിനിറ്റുകൾക്കുള്ളിൽ വിദ്യാർഥികൾക്ക് ഉത്തരം പറഞ്ഞുനൽകിയെന്ന് പറഞ്ഞാൽ അത് അവിശ്വസനീയമല്ലേയെന്ന് ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് ചോദിച്ചു.






# ഡിപ്ലോമ കോഴ്സ് സ്പോട്ട് അഡ്മിഷൻ

കൈമനം സർക്കാർ വനിതാ പോളിടെക്നിക് കോളേജിലെ 202425 അധ്യയന വർഷത്തെ ത്രിവത്സര ഡിപ്ലോമ കോഴ്സുകളിൽ മൂന്നാം സെമസ്റ്ററിലേക്ക് ലാറ്ററൽ എൻട്രി പ്രകാരമുള്ള ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ 2024 ജൂലൈ 19 വെള്ളിയാഴ്ച ഈ സ്ഥാപനത്തിൽ വച്ച് നടത്തപ്പെടുന്നതാണ്. രജിസ്ട്രേഷൻ സമയം രാവിലെ 9 മണി മുതൽ 11 മണി വരെ ആയിരിക്കും. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും ഇനിയും അപേക്ഷ സമർപ്പിക്കാത്തവർക്കും അന്നേ ദിവസം അപേക്ഷ സമർപ്പിച്ച് കൗൺസിലിംഗിൽ പങ്കെടുക്കാവുന്നതാണ്.

പങ്കെടുക്കുന്നവർ അസൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്. അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ ഫീസിന് പുറമേ സ്പെഷ്യൽ ഫീ 10000 രൂപ കൂടി ഡിജിറ്റൽ പേയ്മെന്റ് വഴി ഒടുക്കേണ്ടതാണ്. ഒരു ലക്ഷത്തിൽ താഴെ വരുമാനമുള്ള എല്ലാ വിഭാഗക്കാർക്കും എസ്.സി / എസ്.ടി / ഒ.ഇ.സി വിഭാഗക്കാർക്കും അർഹമായ ഫീസ് ഇളവ് ലഭിക്കുന്നതാണ്. പിടിഎ ഫണ്ട് പണമായി നൽകേണ്ടതാണ്. അഡ്മിഷന് വിദ്യാർത്ഥിയോടൊപ്പം രക്ഷാകർത്താവ് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് www.polyadmission.org/let സന്ദർശിക്കുക.

# കണ്ണൂരിൽ നിന്ന് ലഭിച്ച നിധിക്ക് 200 വർഷം പഴക്കം; പുരാവസ്തുക്കളിൽ ഇൻഡോ ഫ്രഞ്ച് നാണയവും

കണ്ണൂർ: മഴക്കുഴി നിർമിക്കുന്നതിനിടെ കണ്ണൂർ ജില്ലയിലെ ചെങ്ങളായിൽ നിന്നും കണ്ടെത്തിയ പുരാവസ്തുക്കൾക്ക് 200 വർഷത്തെ പഴക്കം. നിധി കണ്ടെടുത്ത സ്ഥലത്ത് കൂടുതൽ പരിശോധനയുടെ ആവശ്യമില്ലെന്നും പുരാവസ്തു വകുപ്പ് വ്യക്തമാക്കി. പുരാവസ്തുക്കളിൽ അറക്കൽ രാജവംശം ഉപയോഗിച്ച നാണയങ്ങളും ഇൻഡോ ഫ്രഞ്ച് നാണയവും വീരരായൻ പണവും ഉൾപ്പെടുന്നു. വെനീസിലെ മൂന്ന് പ്രഭുക്കന്മാരുടെ സ്വർണനാണയങ്ങളാണ് ആഭരണങ്ങൾ ആക്കി മാറ്റിയത്. ഇവ പതിനേഴ് പതിനെട്ട് നൂറ്റാണ്ടിൽ ഉപയോഗിച്ചതാണെന്നും പുരാവസ്തു വകുപ്പ് അധികൃതർ പറഞ്ഞു.

പരിപ്പായി ഗവൺമെൻറ് അപ്പർ പ്രൈമറി സ്കൂളിന് സമീപത്തെ റബർ തോട്ടത്തിൽ കുഴിയെടുക്കുന്നതിനിടെയാണ് 17 മുത്തുകൾ, 13 സ്വർണ ലോക്കറ്റുകൾ, നാല് പതക്കങ്ങൾ, അഞ്ച് പുരാതന മോതിരങ്ങൾ, ഒരു സെറ്റ് കമ്മലുകൾ, നിരവധി വെള്ളി നാണയങ്ങൾ എന്നിവ കണ്ടെടുത്തത്.

# കാവേരി ജലം: സുപ്രീം കോടതിയെ സമീപിക്കാൻ തമിഴ്നാട്

ചെന്നൈ: കർണാടകയിൽ നിന്ന് കാവേരി നദീജലം ലഭിക്കുന്നതിന് ആവശ്യമെങ്കിൽ സുപ്രീം കോടതിയെ സമീപിക്കാൻ തമിഴ്നാട് തയ്യാറെടുക്കുന്നു.

ഇന്നലെ തമിഴ്നാട് നിയമസഭയിൽ ചേർന്ന നിയമസഭാ കക്ഷി നേതാക്കളുടെ യോഗം ഇക്കാര്യത്തിൽ തീരുമാനമെടുത്തു. പ്രതിദിനം ഒരു ടിഎംസി അടി വെള്ളം വിട്ടുകൊടുക്കണമെന്ന കാവേരി വാട്ടർ റെഗുലേഷൻ കമ്മിറ്റിയുടെ ഉത്തരവ് പാലിക്കാത്ത കർണാടകയുടെ നടപടിക്കെതിരെയാണ് സുപ്രീം കോടതിയെ സമീപിക്കുക.

കാവേരി ട്രൈബ്യൂണലിന്റെയും സുപ്രീം കോടതിയുടെയും ഉത്തരവുകൾ പാലിച്ച് വെള്ളം വിട്ടുനൽകാൻ കർണാടകയോട് ആവശ്യപ്പെടണമെന്ന് കാവേരി വാട്ടർ മാനേജ്മെന്റ് അതോറിട്ടിയോട് ആവശ്യപ്പെട്ടുള്ള പ്രമേയം യോഗം പാസാക്കി. ജൂലൈ 15 വരെ കർണാടകയിലെ നാല് പ്രധാന അണക്കെട്ടുകളിലെ മൊത്തം സംഭരണം 75.586 ടിഎംസി അടിയാണെങ്കിൽ തമിഴ്നാട്ടിലെ മേട്ടൂർ റിസർവോയറിലെ ജലനിരപ്പ് 13.808 ടിഎംസി അടി മാത്രമാണെന്നാണ് തമിഴ്നാടിന്റെ വാദം. കൂടാതെ കാലാവസ്ഥ പ്രവചനമനുസരിച്ച് കർണാടകയിൽ കൂടുതൽ മഴയ്ക്ക് സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ കാവേരി വാട്ടർ റെഗുലേഷൻ കമ്മിറ്റിയുടെ (സിഡബ്ല്യുആർസി) നിർദേശപ്രകാരം വെള്ളം വിട്ടുനൽകാൻ കർണാടക വിസമ്മതിക്കുന്നത് തമിഴ്നാട്ടിലെ കർഷകരോടുള്ള വഞ്ചനയാണെന്നും നേരത്തെ മുഖ്യമന്ത്രി എം കെ സ്റ്റാലിൻ പറഞ്ഞിരുന്നു.

# ഐസിഫോസിൽ ബ്രിഡ്ജ് കോഴ്സ്

കേരള സർക്കാരിനു കീഴിൽ പ്രവർത്തിക്കുന്ന അന്താരാഷ്ട്ര സ്വതന്ത്ര വിജ്ഞാന ഗവേഷണ വികസന കേന്ദ്രം (ഐസിഫോസ്) പൈതൺ പ്രോഗ്രാമിംഗിലും സ്വതന്ത്ര സോഫ്റ്റ് വെയറിലും ഹാർഡ്‌വെയറിലും ബ്രിഡ്ജ് കോഴ്സ് ജൂലൈ 29 മുതൽ ആഗസ്റ്റ് 9 വരെ സംഘടിപ്പിക്കുന്നു. 10 ദിവസം നീണ്ടുനിൽക്കുന്ന ഈ പ്രോഗ്രാം പ്ലസ്ടു തലത്തിൽ കമ്പ്യൂട്ടർ സയൻസ് / ബയോളജി സയൻസ് പൂർത്തികരിച്ചതിനു ശേഷം കമ്പ്യൂട്ടർ / ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എൻജിനിയറിങ് സ്ട്രീമുകളിൽ ഡിഗ്രി പ്രവേശനം നേടാൻ ഉദ്ദേശിക്കുന്നവർക്കായാണ് രൂപകൽപന ചെയ്തിരിക്കുന്നത്. കാര്യവട്ടം ഐസിഫോസിലാണ് പ്രോഗ്രാം നടത്തുന്നത്. രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒന്നുവരെയായിരിക്കും ക്ലാസുകൾ.

സ്കൂളിൽ നിന്ന് കോളേജിലേക്കുള്ള പരിവർത്തന കാലയളവിൽ വിദ്യാർത്ഥികൾക്ക് ഈ കോഴ്സ് വളരെ പ്രയോജനകരമാകും. പ്രാക്ടിക്കൽ അധിഷ്ഠിത സെഷനുകളിലൂടെ വരാനിരിക്കുന്ന ഡിഗ്രി പ്രോഗ്രാമിൽ ശക്തമായ അടിത്തറ സൃഷ്ടിക്കുന്നതിന് ആവശ്യമായ അറിവ് ഈ കോഴ്സിൽ നിന്നും ലഭിക്കും. കൂടാതെ ഈ മേഖലയിലെ വിദഗ്ധരുമായി നിരന്തരം സംവദിക്കാനും സാധിക്കും. ഒരു ബാച്ചിൽ 30 സീറ്റുകളാണ് ഉണ്ടായിരിക്കുന്നത്.

ഒരാൾക്ക് 2,000 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. https://icfoss.in/event-details/194 എന്ന വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യാം. അപേക്ഷിക്കേണ്ട അവസാന തിയതി ജൂലൈ 24. കുടുതൽ വിവരങ്ങൾക്ക്: 7356610110, +91 2700012/13, 0471 2413013, 9400225962.

# താത്കാലിക ഒഴിവ്

നെടുമങ്ങാട് സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിൽ ട്രേഡ്സ്മാൻ (ടൂ ആൻറ് ത്രീ വീലർ മെയിൻറെനൻസ്), ട്രേഡ്സ്മാൻ (ഇലക്ട്രിക്കൽ), ട്രേഡ്സ്മാൻ (ഫിറ്റിംഗ്), ട്രേഡ്സ്മാൻ (വെൽഡിംഗ്) തസ്തികകളിൽ താൽക്കാലിക (ദിവസവേതന അടിസ്ഥാനത്തിൽ) ഓരോഒഴിവുണ്ട്. ട്രേഡ്സ്മാൻ യോഗ്യത ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ടിഎച്ച്എസ്എൽസി അല്ലെങ്കിൽ എസ്എസ്എൽസിയും ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ഐ.ടി.ഐ/ വിഎച്ച്എസ്ഇ / കെജിസിഇ / ഡിപ്ലോമ.. യോഗ്യരായ അപേക്ഷകർക്ക് സ്കൂളിൽ നടക്കുന്ന അഭിമുഖ പരീക്ഷയിൽ പങ്കെടുക്കാം.

ട്രേഡ്സ്മാൻ (ടൂ ആൻറ് ത്രീ വീലർ മെയിൻറെനൻസ്) ജൂലായ് 23 ന് രാവിലെ 9 മണി, ട്രേഡ്സ്മാൻ (ഇലക്ട്രിക്കൽ) ജൂലായ് 23 ന് രാവിലെ 10:30 മണി, ട്രേഡ്സ്മാൻ (ഫിറ്റിംഗ്) ജൂലായ് 23 ന് ഉച്ചക്ക് 12 മണി, ട്രേഡ്സ്മാൻ (വെൽഡിംഗ്) ജൂലായ് 23ന് ഉച്ചക്ക് 2 മണി എന്നിങ്ങനെയാണ് സമയക്രമം. യോഗ്യത സർട്ടിഫിക്കറ്റുകൾ പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റുകൾ എന്നിവയുടെ അസൽ, പകർപ്പ് അഭിമുഖത്തിന് ഹാജരാക്കണം. വിശദ വിവരങ്ങൾക്ക്: 0472 2812686, 9400006460.

# 202425 പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ് ഡിഗ്രി കോഴ്സിലേക്കുള്ള പ്രവേശനം

സംസ്ഥാനത്തെ സർക്കാർ/സ്വാശ്രയ നഴ്സിംഗ് കോളേജുകളിലേയ്ക്ക് 2024 25 വർഷത്തെ പോസ്റ്റ് ബേസിക് ബി.എസ്.സി നേഴ്സിംഗ് ഡിഗ്രി കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിന് സൂചിക സർക്കാർ ഉത്തരവു മുഖേന അംഗീകരിച്ച പ്രോസ്പെക്ടസ് പ്രകാരം അപേക്ഷ ക്ഷണിച്ചു. എൽ.ബി.എസ് സെന്റർ ഡയറക്ടറുടെ www.lbscetnre.kerala.gov.in വഴി ഓൺലൈനായി ജൂലൈ 19 മുതൽ 2024 ആഗസ്റ്റ് 5 വരെ അപേക്ഷിക്കാം.

അപേക്ഷാഫീസ് പൊതു വിഭാഗത്തിന് 1000 രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 500 രൂപയുമാണ്. അപേക്ഷകർക്ക് ഓൺലൈൻ മുഖേനയോ അല്ലെങ്കിൽ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത ചെല്ലാൻ ഉപയോഗിച്ച് ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ഒരു ശാഖ വഴിയോ 2024 ജൂലൈ 19 മുതൽ ആഗസ്റ്റ് 5 വരെ അപേക്ഷാ ഫീസ് അടക്കാവുന്നതാണ്. ബന്ധപ്പെട്ട രേഖകൾ ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന അവസരത്തിൽ അപ്‌ലോഡ് ചെയ്യണം.അപേക്ഷകർ, ഫിസിക്സ്, കെമസ്ട്രി, ബയോളജി ഐഛിക വിഷയമായി എടുത്ത് പ്ലസ് ടു പരീക്ഷ പാസായിരിക്കണം കൂടാതെ 50 ശതമാനം മാർക്കോടെ ഇൻഡ്യൻ നഴ്സിംഗ് കൗൺസിലും ബന്ധപ്പെട്ട സ്റ്റേറ്റ് കൗൺസിലും അംഗീകരിച്ച ജി.എൻ.എം കോഴ്സ് പരീക്ഷ പാസായിരിക്കണം. അപേക്ഷകർ അക്കാദമിക വിവരങ്ങൾ സമർപ്പിക്കുന്ന സമയത്തുതന്നെ നിശ്ചിത വിദ്യാഭ്യാസ യോഗ്യത നേടിയിരിക്കണം.

അപേക്ഷാർഥികളുടെ ഉയർന്ന പ്രായപരിധി 45 വയസ് ആണ്. സർവീസ് ക്വോട്ടയിലേയ്ക്കുള്ള അപേക്ഷാർഥികൾക്ക് 49 വയസാണ്. എൽ.ബി.എസ് സെന്റർ ഡയറക്ടർ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ പരീക്ഷാ കേന്ദ്രങ്ങളിൽ നിശ്ചയിക്കുന്ന തിയതിയിൽ നടത്തുന്ന ഒരു പൊതു പ്രവേശന പരീക്ഷയുടെ മാനദണ്ഡത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും കേന്ദ്രീകൃത അലോട്ട്മെന്റിലൂടെയായിരിക്കും പ്രവേശനം നടത്തുന്നത്. കൂടുതൽ വിവരങ്ങൾക്ക്: 04712560363, 364.

# ശംഭുവിലെ കർഷക സമരം വീണ്ടും ഡൽഹിയിലേക്ക്

ന്യൂഡൽഹി: കർഷക സമരത്തെ പ്രതിരോധിക്കുന്നതിനായി അടച്ചിട്ട ശംഭു അതിർത്തി പഞ്ചാബ് ഹരിയാന ഹൈക്കോടതി നിർദേശത്തെ തുടർന്ന് കൊടുക്കാനുള്ള തീരുമാനവുമായി ഹരിയാന സർക്കാർ. ഹരിയാനയെയും പഞ്ചാബിനെയും വേർതിരിക്കുന്ന ശംഭുവിലെ അതിർത്തി തുറക്കുന്നതോടെ പ്രതിഷേധം ഡൽഹിയിലേയ്ക്ക് മാറ്റാനാണ് കർഷക സംഘടനകളുടെ തീരുമാനം.

ഡൽഹിയിലെ ജന്തർമന്ദറിലോ രാംലീല മൈതാനിലോ സമാധാനപരമായ പ്രതിഷേധം തുടരുമെന്ന് ഭാരതീയ കിസാൻ യൂണിയൻ ഏക്താ സിദ്ധുപൂർ പ്രസിഡന്റ് ജഗ്ജീത് സിങ് ദല്ലേവാൾ പറഞ്ഞു. കർഷിക ഉല്പന്നങ്ങൾക്ക് മിനിമം താങ്ങുവില (എംഎസ്പി) ഉറപ്പ് നൽകണമെന്നതുൾപ്പെടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചാണ് കേന്ദ്ര സർക്കാരിനെതിരെ കർഷകർ ഡൽഹി ചലോ മാർച്ച് സംഘടിപ്പിച്ചത്.മാർച്ച് പൊലീസ് തടഞ്ഞതോടെ ഈ വർഷം ഫെ?ബ്രു?വ?രി 13 മു?ത?ൽ കി?സാ?ൻ മ?സ് ദൂ?ർ മോ?ർ?ച്ച, സം?യു?ക്ത കി?സാ?ൻ മോ?ർ?ച്ച എ?ന്നി?വ?യു?ടെ നേതൃത്വത്തിൽ ക?ർ?ഷകർ ശംഭു അതിർത്തിയിൽ പ്രക്ഷോഭം നടത്തി വരുകയായിരുന്നു. സമരക്കാരെ തടയാനാകില്ലെന്നും അതിർത്തിയിലെ ബാരിക്കേഡുകൾ നീക്കാനും പഞ്ചാബ്ഹരിയാന ഹൈക്കോടതി സംസ്ഥാന സർക്കാരിനോട് നിർദേശിച്ചിട്ടുണ്ട്. ഫെബ്രവരി 21നാണ് പഞ്ചാബ് ഹരിയാന അതിർത്തിയിലുണ്ടായ പ്രതിഷേധത്തിനിടെ കർഷകനായ ശുഭകരൺസിങ് കൊല്ലപ്പെട്ടിരുന്നു. സംഭവം അന്വേഷിക്കാൻ കേന്ദ്രസർക്കാർ സമിതിയെ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഈ അന്വേഷണം എങ്ങും എത്താത്തതിൽ കർഷകർ രോഷാകുലരാണ്. അതേസമയം അറസ്റ്റിലായി ജയിലിൽ കഴിയുന്ന നവദീപ് സിങ്ങിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഇന്നും നാളെയും അംബാലയിൽ സമാധാനപരമായ പ്രതിഷേധം സംഘടിപ്പിക്കുമെന്ന് ദല്ലേവാൾ പറഞ്ഞു. ഇദ്ദേഹത്തിനെതിരെ കലാപം, കൊലപാതകശ്രമം എന്നിങ്ങനെ നിരവധി കുറ്റങ്ങളാണ് ചുമത്തിയിരിക്കുന്നത്.

# കവിയുടെ വീട്ടിലെ കവർച്ച മോഷണ മുതൽ തിരിച്ചേൽപ്പിച്ച് മോഷ്ടാവ്

മുംബൈ: മഹാരാഷ്ട്രയിൽ കവർച്ചയ്ക്ക് കയറിയ വീട്ടിൽ മോഷണ മുതൽ തിരിച്ച് നൽകി കള്ളൻ. റയ്ഗദ് ജില്ലയിൽ നേറൽ പൊലീസ് സ്റ്റേഷന്റെ പരിധിയിലാണ് സംഭവം. കവർച്ച നടത്തിയ വീട് അന്തരിച്ച പ്രശസ്ത മറാഠി എഴുത്തുകാരനും സമൂഹ്യ പ്രവർത്തകനുമായ നാരായൻ സർവേയുടേതാണെന്ന് തിരിച്ചറിഞ്ഞതോടെയാണ് സാധനങ്ങൾ തിരികെ നൽകിയത്. എൽഇഡി ടിവി ഉൾപ്പെടെ വിലകൂടിയ ഉപകരണങ്ങളാണ് കള്ളൻ മോഷ്ടിച്ചത്. കുടുംബം വിരാറിലുള്ള മകന്റെ വീട്ടിൽ പോയപ്പോഴായിരുന്നു കവർച്ച.

നാരായൻ സർവേയുടെ മകൾ സുജാത, ഭർത്താവ് ഗണേഷ് ഘാരെ എന്നിവരാണ് വീട്ടിൽ താമസിക്കുന്നത്. പത്ത് ദിവസമായി വീട് പൂട്ടിയിട്ടിരിക്കുയായിരുന്നു. ഇത് മനസിലാക്കിയ മോഷ്ടാവ് വീടിനുള്ളിൽ കയറി ടിവി ഉൾപ്പെടെ വിലപിടിപ്പുള്ള സാധനങ്ങൾ മോഷ്ടിച്ചു. അടുത്ത ദിവസം, വീണ്ടും മോഷ്ടിക്കാനെത്തിയപ്പോഴാണ് മുറിയ്ക്കുള്ളിൽ സർവേയുടെ ഫോട്ടോ കാണുകയും മോഷ്ടിച്ചത് നാരായൻ സർവേയുടെ വീട്ടിലെ വസ്തുക്കളാണെന്ന് തിരിച്ചറിഞ്ഞ കള്ളൻ മോഷണ മുതൽ തിരികെ വയ്ക്കുകയായിരുന്നു. മോഷ്ടിച്ചതിന് ക്ഷമ ചോദിച്ചുകൊണ്ട് ഒരു കത്തും ചുമരിൽ ഒട്ടിച്ചു വച്ചിരുന്നു. എന്നാൽ തിരികെ എത്തിയ കുടുംബം കത്ത് ശ്രദ്ധയിൽ പെട്ടതോടെ പൊലീസിനെ വിവരം അറിയിച്ചു. സംഭവത്തിൽ അന്വേഷണം ആരംഭിച്ചതായി പൊലീസ് ഇൻസ്പെക്ടർ ശിവാജി ദാവ്!ലെ പറഞ്ഞു.

# മുകേഷ് സഹാനിയുടെ പിതാവ് കൊല്ലപ്പെട്ട നിലയിൽ

പട്ന: ഇന്ത്യ സഖ്യകക്ഷിയായ വികാസ് ശീൽ ഇൻസാൻ പാർട്ടി (വിഐപി) തലവനും മുൻ ബിഹാർ മന്ത്രിയുമായ മുകേഷ് സഹാനിയുടെ പിതാവ് ജിതൻ സഹാനിയെ കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തി. ദർബംഗയിലെ വസതിയിൽ വെച്ചാണ് ആകെ വികൃതമാക്കിയ നിലയിൽ മൃതദേഹം കണ്ടെത്തിയത്. സംഭവത്തിൽ പൊലീസ് അന്വേഷണം ആരംഭിച്ചു.

മൂർച്ചയുള്ള ആയുധം ഉപയോഗിച്ച് ക്രൂരമായി കൊലപ്പെടുത്തിയെന്നാണ് നിഗമനം. വയറിലും നെഞ്ചിലുമടക്കം നിരവധി തവണ കുത്തേറ്റ നിലയിലാണ് മൃതദേഹം കണ്ടത്. കൊല്ലപ്പെടുമ്പോൾ ജിതൻ സാഹ്നി ഒറ്റയ്ക്കായിരുന്നു. വ്യക്തിവൈരാഗ്യമാകാം കൊലപാതകത്തിന് കാരണമെന്ന് പൊലീസ് സംശയിക്കുന്നു. കൊലപാതകം അന്വേഷിക്കാൻ പ്രത്യേക സംഘത്തെ പൊലീസ് നിയോഗിച്ചു. ഫോറൻസിക് സംഘവും ഡോഗ് സ്ക്വാഡും സ്ഥലത്തെത്തി പരിശോധന നടത്തി.

ഒബിസി വിഭാഗത്തിൽ നല്ല സ്വാധീനമുള്ള പാർട്ടിയാണ് മുകേഷ് സഹാനിയുടെ വികാസ്ശീൽ ഇൻസാൻ പാർട്ടി. നിതീഷ് കുമാറിന്റെ നേതൃത്വത്തിലുള്ള മുൻ സർക്കാരിൽ മൃഗസംരക്ഷണഫിഷറീസ് മന്ത്രിയായിരുന്നു മുകേഷ് സഹാനി. പിന്നീട് ബിജെപിയുമായുള്ള അഭിപ്രായഭിന്നതയെത്തുടർന്ന് എൻഡിഎ ബന്ധം ഉപേക്ഷിച്ച് പ്രതിപക്ഷ ഇന്ത്യ സഖ്യത്തിന്റെ ഭാഗമാവുകയായിരുന്നു.

# സിസോദിയയുടെ ജാമ്യം: സുപ്രീം കോടതി നോട്ടീസയച്ചു

ന്യൂഡൽഹി: മദ്യനയ അഴിമതി കേസിൽ മനീഷ് സിസോദിയയുടെ ജാമ്യാപേക്ഷയിൽ സിബിഐക്കും ഇഡിക്കും നോട്ടീസയച്ച് സുപ്രീം കോടതി. അന്വേഷണ ഏജൻസികൾ രണ്ടാഴ്ചയ്ക്കകം മറുപടി നൽകാൻ കോടതി നിർദേശം നൽകി. ജാമ്യാപേക്ഷ ജൂലൈ 29ന് സുപ്രീം കോടതി വീണ്ടും പരിഗണിക്കും. ജസ്റ്റിസ് ബിആർ ഗവായി അധ്യക്ഷനായ മൂന്നംഗ ബെഞ്ചിന്റേതാണ് നടപടി. 2023 ഫെബ്രുവരിയിൽ ആയിരുന്നു മനീഷ് സിസോദിയയെ മദ്യനയ അഴിമതിക്കേസിൽ സിബിഐ അറസ്റ്റ് ചെയ്തത്.

# വ്യാജരേഖാ കേസിൽ പൂജ ഖേദ്ക്കർക്കെതിരെ അന്വേഷണം

## *സിവിൽ സർവീസ് അക്കാദമിയിലേക്ക് തിരികെ വിളിച്ചു

മുംബൈ: സിവിൽ സർവീസിനായി വ്യാജരേഖ ചമച്ചെന്ന ആരോപണത്തിൽ ട്രെയിനി ഐഎഎസ് ഓഫീസർ പൂജ ഖേദ്ക്കർക്കെതിരെ അന്വേഷണവുമായി മഹാരാഷ്ട്ര സർക്കാർ. യുപിഎസ്!സി നിർദേശപ്രകാരമാണ് നടപടി. അതിനിടെ പൂജയുടെ ജില്ലാതല പരിശീലനം റദ്ദാക്കി മസൂറിയിലെ സിവിൽ സർവീസ് അക്കാദമിയിലേക്ക് തിരികെ വിളിച്ചു.

പൂജ ഖേദ്ക്കറുടെ നോൺ ക്രീമിലെയർ ഒബിസി സർട്ടിഫിക്കറ്റ്, കാഴ്ച വൈകല്യം ഉണ്ടെന്ന സർട്ടിഫിക്കറ്റ് എന്നിവയുടെ ആധികാരികത പരിശോധിക്കാനാണ് മഹാരാഷ്ട്ര സർക്കാരിന്റെ തീരുമാനം. കാഴ്ചാ പരിമിതി ഉൾപ്പെടെ 51 ശതമാനം വൈകല്യം ഉണ്ടെന്ന് കാണിച്ച് 2018ലും 2021ലും അഹമ്മദ്നഗർ ജില്ലാ ആശുപത്രിയിലെ ഡോക്ടർമാർ നൽകിയ സർട്ടിഫിക്കറ്റിലാണ് അന്വേഷണം നടത്തുന്നത്. നേരത്തെ സ്വകാര്യ വാഹനത്തിൽ ബീക്കൺ ലൈറ്റ് ഘടിപ്പിച്ചതിന് പൂജ നടപടി നേരിട്ടിരുന്നു.

സിവിൽ സർവീസ് പ്രൊബേഷണറി ഓഫീസറായ പൂജാ ഖേദ്കർ നിയമന മുൻ?ഗണക്കായി ഭിന്നശേഷിക്കാരിയാണെന്ന് തെളിയിക്കാൻ സമർപ്പിച്ച സർട്ടിഫിക്കറ്റുകൾ വ്യാജമെന്നാണ് പ്രധാന ആരോപണം. സിവിൽ സർവീസിൽ ഇളവുകൾ ലഭിക്കുന്നതിനായി യൂണിയൻ പബ്ലിക് സർവീസ് കമ്മിഷന് കാഴ്ച വൈകല്യമുണ്ടെന്ന് അവകാശപ്പെട്ട് നൽകിയ സർട്ടിഫിക്കറ്റ് വ്യാജമാണെന്നാണ് ആരോപണം. ഭിന്നശേഷി സ്ഥിരീകരിക്കാൻ വൈദ്യപരിശോധനയ്ക്ക് വിധേയയാകാൻ ആറ് തവണ ആവശ്യപ്പെട്ടിട്ടും ഇവർ ഹാജരായിരുന്നില്ല.

2022 ഏപ്രിലിൽ എയിംസിൽ പരിശോധന നടത്താൻ തീരുമാനിച്ചിരുന്നതായും എന്നാൽ അന്ന് കോവിഡ്19 പോസിറ്റീവ് ആണെന്ന് പറഞ്ഞ് ഇവർ ഒഴിഞ്ഞതായും റിപ്പോർട്ടുകൾ പറയുന്നു. തുടർന്നുള്ള പരിശോധനകളിലും എംആർഐ പരിശോധനക്കും ഇവർ ഹാജരായില്ല. അഹമ്മദ്നഗർ സ്വദേശിയായ പൂജ 2023 ബാച്ച് ഐഎഎസ് ഉദ്യോഗസ്ഥയാണ്. യുപിഎസ്!സി പരീക്ഷയിൽ 841ാം റാങ്കായിരുന്നു ഇവർക്ക് ലഭിച്ചത്.

അതേസമയം തനിക്കെതിരെ നടക്കുന്നത് മാധ്യമ വിചാരണയാണെന്ന് പൂജ ഖേദ്കർ പ്രതികരിച്ചു. താൻ കുറ്റക്കാരിയാണെന്ന തരത്തിലുള്ള പ്രചാരണങ്ങൾ തെറ്റാണെന്നും കേന്ദ്ര സമിതിക്ക് മുമ്പാകെ മൊഴി നൽകുമെന്നും അതോടെ സത്യം വിജയിക്കുമെന്നും പൂജ പ്രതികരിച്ചു.

# തമിഴ്നാട്ടിൽ വീണ്ടും രാഷ്ട്രീയ നേതാവിനെ വെട്ടിക്കൊന്നു

ചെന്നൈ: തമിഴ്നാട്ടിൽ വീണ്ടും രാഷ്ട്രീയ നേതാവ് കൊല്ലപ്പെട്ടു. നാം തമിഴർ കക്ഷി നേതാവ് ബാലസുബ്രഹ്മണ്യൻ ആണ് കൊല്ലപ്പെട്ടത്. പ്രഭാത നടത്തത്തിനിടെ നാലംഗ അക്രമി സംഘം വെട്ടിക്കൊലപ്പെടുത്തുകയായിരുന്നു. നാം തമിഴർ കക്ഷി മധുര നോർത്ത് ഡെപ്യൂട്ടി സെക്രട്ടറിയായിരുന്നു ബാലസുബ്രഹ്മണ്യൻ.

മന്ത്രി പളനിവേൽ ത്യാഗരാജന്റെ വീടിന് സമീപത്തു വെച്ചായിരുന്നു അക്രമം. അക്രമികൾ പിന്തുടർന്ന് എത്തുന്നത് കണ്ട് രക്ഷപ്പെടാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല. സംഭവത്തിൽസിസിടിവി ദൃശ്യങ്ങളടക്കം പരിശോധിച്ചു വരികയാണെന്നും, പ്രതികളെ പിടികൂടാൻ ഊർജ്ജിത ശ്രമം നടത്തിവരികയാണെന്നും മധുര പൊലീസ് കമ്മിഷണർ പറഞ്ഞു.

ബാലസുബ്രഹ്മണ്യൻ നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയായിരുന്നു. വ്യക്തിവൈരാഗ്യമാണ് കൊലപാതകത്തിന് കാരണമെന്നാണ് പ്രാഥമിക നിഗമനം. ബിഎസ്പി തമിഴ്നാട് അധ്യക്ഷൻ കെ ആംസ്ട്രോങ് കൊല്ലപ്പെട്ട് ദിവസങ്ങൾക്കുശേഷമാണ് വീണ്ടും ഒരു രാഷ്ട്രീയ നേതാവ് തമിഴ്നാട്ടിൽ കൊല്ലപ്പെട്ടിരിക്കുന്നത്. ആംസ്ട്രോങ് കൊലപാതക കേസിലെ പ്രതികളിൽ ഒരാളെ പൊലീസ് കഴിഞ്ഞ ദിവസം വെടിവെച്ചുകൊന്നിരുന്നു.

# ബംഗാൾ ഗവർണർക്കെതിരെ മമതയുടെ പ്രസ്താവന വിലക്കി

കൊൽക്കത്ത: ഗവർണർ സി വി ആനന്ദബോസിനെതിരെ മുഖ്യമന്ത്രി മമതാ ബാനാർജി നടത്തുന്ന അപകീർത്തി പ്രസ്താവന വിലക്കി കൊൽക്കത്ത ഹൈക്കോടതി. മുഖ്യമന്ത്രിക്കെതിരെ ഗവർണർ സമർപ്പിച്ച അപകീർത്തി ഹർജിയിലാണ് ജസ്റ്റിസ് കൃഷ്ണറാവു പ്രസ്താവന വിലക്കിയത്.

ചുമതലയേറ്റ നാൾ മുതൽ സംസ്ഥാന സർക്കാരുമായി വിവിധ വിഷയങ്ങളിൽ ഇടഞ്ഞ ഗവർണർക്കെതിരെ സംസ്ഥാന സർക്കാരും മന്ത്രിമാരും രൂക്ഷമായ ഭാഷയിൽ വിമർശനം ഉന്നയിച്ചിരുന്നു. ഏറ്റവും ഒടുവിൽ രാജ്ഭവൻ ജീവനക്കാരി പീഡനത്തിനിരയായ വിഷയത്തിലാണ് മമതയും ആനന്ദ ബോസും കൊമ്പുകോർത്തത്. പീഡനത്തിനിരയായ യുവതി പൊലീസിൽ പരാതി നൽകിയതോടെ സംഭവം രാജ്യശ്രദ്ധ ആകർഷിക്കുകയും സർക്കാരും ഗവർണറും തമ്മിൽ കടുത്ത ഭിന്നത രൂപപ്പെടുകയും ചെയ്തിരുന്നു.

വിഷയത്തിൽ രാജ്ഭവനിൽ നിന്ന് സംസ്ഥാന പൊലീസിനെ പിൻവലിക്കണമെന്ന് ഗവർണർ ആവശ്യപ്പെട്ടിരുന്നു. തുടർന്ന് രാജ്ഭവനിൽ പോലും സ്ത്രീകൾ സുരക്ഷിതരല്ലെന്ന് മമത ബാനർജി അഭിപ്രായപ്പെട്ടതിന്റെ പേരിലാണ് ഗവർണർ ഹൈക്കോടതിയെ സമീപിച്ചത്.

# സ്പോട്ട് അഡ്മിഷൻ

വട്ടിയൂർക്കാവ്, സെൻട്രൽ പോളിടെക്നിക്ക് കോളേജിൽ സിവിൽ എൻജിനിയറിങ്, കമ്പ്യൂട്ടർ എൻജിനിയറിങ്, ടെക്സ്റ്റൈൽ ടെക്നോളജി എന്നീ വിഭാഗത്തിൽ ഡിപ്ലോമ ലാറ്ററൽ എൻട്രി സ്പോട്ട് അഡ്മിഷൻ 2024 ജൂലൈ 19 ന് രാവിലെ 9.30ന് കോളേജിൽ വച്ച് നടത്തുന്നു. ഇതുവരെ അപേക്ഷ സമർപ്പിക്കാത്തവർക്കും അപേക്ഷ നൽകാവുന്നതാണ്. അഡ്മിഷൻ സംബന്ധിച്ച എല്ലാ വിവരങ്ങൾക്കും www.polyadmission.org/ ഹലേ എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# പാരിസ്ഥിതികം പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു

പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റിന്റെ 2024 25 സാമ്പത്തിക വർഷത്തെ പരിസ്ഥിതി അവബോധവും വിദ്യാഭ്യാസവും എന്ന സംസ്ഥാന പ്ലാൻ ശീർഷകത്തിൻ കീഴിൽ നടപ്പിലാക്കുന്ന 'പാരിസ്ഥിതികം' പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു.

സംസ്ഥാനത്തൊട്ടാകെയുള്ള സ്കൂൾ/ കോളേജുകൾ, ഗവേഷണ സ്ഥാപനങ്ങൾ, അംഗീകൃത സർക്കാരേതര സംഘടനകൾ/ സ്ഥാപനങ്ങൾ എന്നിവർക്ക് അപേക്ഷ സമർപ്പിക്കാം. വിശദാംശങ്ങൾ htpps://schemes.envt.kerala.gov.in/paaristhithikam/home എന്ന വെബ് ലിങ്കിൽ ലഭ്യമാണ്. അപേക്ഷകളും അനുബന്ധരേഖകളും പ്രസ്തുത വെബ്പോർട്ടൽ മുഖാന്തിരം ജൂലൈ 31നു മുമ്പായി സമർപ്പിക്കണം.

# വാഹന പാർക്കിംഗിനുള്ള ലേലം

നെയ്യാറ്റിൻകര ജനറൽ ആശുപത്രി കോമ്പൗണ്ടിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് 2024 ആഗസ്റ്റ് ഒന്നു മുതൽ 2025 ജൂലൈ 31 വരെ ഫീസ് പിരിക്കുന്നതിനുള്ള അവകാശം പരസ്യമായി ലേലം ചെയ്തുകൊടുക്കാൻ തീരുമാനിച്ചിരിക്കുന്നു. 2024 ജൂലൈ 20 രാവിലെ 11 മണിക്ക് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഓഫീസിൽ ലേല നടപടികൾ നടക്കും. ലേലത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ലേല ദിവസം രാവിലെ 11 മണിക്ക് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഓഫീസിൽ ഹാജരായി ലേലത്തിൽ പങ്കെടുക്കുകയോ ജൂലൈ 19 മൂന്ന് മണിക്ക് മുൻപായി നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ ഓഫീസിൽ സീൽ ചെയ്ത ക്വട്ടേഷനുകൾ സമർപ്പിക്കുകയോ ചെയ്യേണ്ടതാണ്.

# പഠനോപകരണ കിറ്റിനുള്ള അപേക്ഷ ക്ഷണിച്ചു

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ സജീവ അംഗങ്ങളായ തൊഴിലാളികളുടെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഒന്നു മുതൽ ഏഴുവരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 202425 അധ്യയന വർഷത്തിൽ പഠനോപകരണ കിറ്റിനുള്ള അപേക്ഷ ക്ഷണിച്ചു. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ജൂലൈ 27. കൂടുതൽ വിവരങ്ങൾക്ക്: 0471 2475773.

# ബാച്ചിലർ ഓഫ് ഡിസൈൻ: ഓപ്ഷൻ സമർപ്പണം

കേരളത്തിലെ എ.ഐ.സി.ടി.ഇ അംഗീകാരമുള്ള കോളജുകളിൽ ബാച്ചിലർ ഓഫ് ഡിസൈൻ പ്രവേശനത്തിന് ഓപ്ഷൻ ക്ഷണിച്ചു. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട അപേക്ഷകർ 22 നകം ഓപ്ഷനുകൾ ഓൺലൈൻ ആയി സമർപ്പിക്കണം. കോളജുകളും സീറ്റുകളും സംബന്ധിച്ച വിവരങ്ങൾക്ക്: www.lbscetnre.kerala.gov.in. ഫോൺ: 04712324396, 2560327.

## ബി. ടെക് ലാറ്ററൽ എൻട്രി (റെഗുലർ) കോഴ്സ്: ആദ്യഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

സംസ്ഥാനത്തെ സർക്കാർ/സ്വാശ്രയ എൻജിനിയറിങ് കോളേജുകളിലേക്ക് 202425 അദ്ധ്യായന വർഷത്തെ ബി.ടെക് ലാറ്ററൽ എൻട്രി (റെഗുലർ) പ്രവേശനത്തിന്റെ ആദ്യഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. ആദ്യഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കുന്നവർ ജൂലൈ 20 നു 5 മണിക്ക് മുമ്പ് ടോക്കൺ ഫീസ് ഓൺലൈനായി അടയ്ക്കണം. ടോക്കൺ ഫീസ് അടയ്ക്കാത്തവർക്കു തുടർന്നുള്ള അലോട്ട്മെന്റുകളിൽ പങ്കെടുക്കാൻ സാധിക്കില്ല. ഫീസ് അടയ്ക്കാത്തവരുടെ അലോട്ട്മെന്റ് നഷ്ടപ്പെടുകയും അവരുടെ ഓപ്ഷനുകൾ തുടർന്നുള്ള റെഗുലർ അലോട്ട്മെന്റ്കളിൽ പരിഗണിക്കില്ല. ടോക്കൺ ഫീസ് അടച്ചവർ കോളേജുകളിൽ ഇപ്പോൾ അഡ്മിഷൻ എടുക്കേണ്ടതില്ല. കോളേജുകളിലെ സീറ്റ് ഒഴിവു സംബന്ധിച്ചുള്ള വിവരങ്ങൾ ഃഹയക്ഷെലയ്യലസല്യമഹമ്മഴ്ശി ൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക്: 04712324396, 2560327, 2560363, 2560364.

## സൈക്കോളജി അപ്രിന്റീസ് നിയമനം

തിരുവനന്തപുരം സർക്കാർ വനിതാ കോളജിൽ 202425 അധ്യയന വർഷത്തേക്ക് ജീവനി സൈക്കോളജി അപ്രിന്റിസിനെ (കൗൺസിലർ) താത്കാലികമായി നിയമിക്കുന്നു. സൈക്കോളജിയിൽ റഗുലറായി നേടിയ ബിരുദാനന്തര ബിരുദമാണ് അടിസ്ഥാന യോഗ്യത. ക്ലിനിക്കൽ സൈക്കോളജിയിലോ കൗൺസിലിങ്ങിലോ ഉള്ള അധിക യോഗ്യത, പ്രവൃത്തിപരിചയം എന്നിവ അഭിലഷണീയ യോഗ്യതകളാണ്. അനുയോജ്യരായ ഉദ്യോഗാർഥികൾ യോഗ്യത തെളിയിക്കുന്നതിനുള്ള അസൽ രേഖകളും അതിന്റെ പകർപ്പും സഹിതം ജൂലൈ 24ന് രാവിലെ 11ന് പ്രിൻസിപ്പലിന്റെ ചേംബറിൽ അഭിമുഖത്തിനായി ഹാജരാകണം.

## അസാപ് കേരള ഡിജിറ്റൽ മാർക്കറ്റിംഗ് ടീമിൽ ഒന്നിലധികം ഒഴിവുകളിലേക്ക് അപേക്ഷിക്കാം

നൈപുണ്യ വികസനത്തിനു പേരുകേട്ട ഉന്നത വിദ്യാഭാസ വകുപ്പിന്റെ അസാപ് കേരള വിവിധ താത്കാലിക ഒഴിവുകളിലേക്ക് യോഗ്യതയുള്ളതും പരിചയസമ്പന്നരുമായ ഉദ്യോഗാർഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. സോഷ്യൽ മീഡിയ സ്പെഷ്യലിസ്റ്റ്, വീഡിയോ എഡിറ്റർ & ഡിജിറ്റൽ മീഡിയ സ്പെഷ്യലിസ്റ്റ്, ഡിജിറ്റൽ കണ്ടന്റ് റൈറ്റർ, ഗ്രാഫിക് ഡിസൈനർ എന്നിങ്ങനെയാണ് ഒഴിവുകൾ. അപേക്ഷിക്കേണ്ട അവസാന തീയതി ജൂലൈ 21. നിർദ്ദിഷ്ട യോഗ്യതയും പരിചയ മാനദണ്ഡങ്ങളും ഉള്ള താത്പര്യമുള്ള ഉദ്യോഗാർഥികൾക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: 9645693564, https://asapkerala.gov.in/careers/.

## സഹചാരി പദ്ധതി : അവാർഡിനായി അപേക്ഷിക്കാം

ഭിന്നശേഷിക്കാരുടെ അവകാശ നിയമം 2016 ന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷിക്കാരായവരെ സഹായിക്കുന്ന എൻ.എസ്.എസ് / എൻ.സി.സി/എസ്.പി.സി യൂണിറ്റിനെ ആദരിക്കുന്ന സഹചാരി പദ്ധതിയിലേക്ക് അപേക്ഷിക്കാം. ഭിന്നശേഷിക്കാരുടെ ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ, എൻ.ജി.ഒ സാമൂഹ്യ പ്രവർത്തകർ, പ്രൈവറ്റ് സ്ഥാപനങ്ങൾ എന്നിവർക്കും അപേക്ഷ നൽകാവുന്നതാണെന്ന് ജില്ലാ സാമൂഹ്യനീതി ഓഫീസർ അറിയിച്ചു. തെരുവിൽ കഴിയുന്ന ഭിന്നശേഷിക്കാരുടെ പുനരധിവാസ പ്രവർത്തനങ്ങൾക്കും സേവനങ്ങൾക്കും മികച്ച പ്രവർത്തനം കാഴ്ചവെയ്ക്കുന്നവർക്കും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി അന്താരാഷ്ട്ര ഭിന്നശേഷി ദിനത്തിൽ അവാർഡ് നൽകും. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തിയതി ആഗസ്റ്റ് 31. പദ്ധതിയുടെ വിശദ വിവരങ്ങൾക്കും അപേക്ഷ ഫോമിനുമായി സാമൂഹ്യനീതി വകുപ്പിന്റെ sw-d.k-er-a-l-a.gov.in വെബ് സൈറ്റ് സന്ദർശിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2343241

## ഭിന്നശേഷി നയ പരിഷ്കരണം: നിർദേശങ്ങൾ ക്ഷണിച്ചു

സംസ്ഥാന സർക്കാരിനുവേണ്ടി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖേന സാമൂഹ്യനീതി വകുപ്പ് തയാറാക്കുന്ന പരിഷ്കരിച്ച ഭിന്നശേഷി നയത്തിനായി അഭിപ്രായങ്ങളും നിർദേശങ്ങളും ബന്ധപ്പെട്ട സംഘടനകളിൽ നിന്നും വ്യക്തികളിൽ നിന്നും ക്ഷണിച്ചു. നിലവിലെ നയത്തിലെ പോരായ്മകൾ, ദേശീയ ഭിന്നശേഷി നയത്തിന്റെ പരിധിയിൽ വരുന്ന ഭിന്നശേഷികളുള്ള വ്യക്തികളുടെ സർവതോൻമുഖമായ ക്ഷേമത്തിനായി പരിഷ്കരിക്കുന്ന നയത്തിൽ ഉൾപ്പെടുത്തേണ്ട നല്ല മാതൃകകൾ എന്നിവ ഉൾപ്പെടെയുള്ള നിർദേശങ്ങൾ policy@cmd.kerala.gov.in ലോ പോളിസി റിവിഷൻ പ്രോജക്ട്, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്, സി.വി. രാമൻ പിള്ള റോഡ്, തൈക്കാട് 695 014 എന്ന വിലാസത്തിൽ തപാൽ മുഖേനയോ ജൂലൈ 31ന് മുമ്പ് അയയ്ക്കണം.

## ട്രേഡ്സ്മാൻ അഭിമുഖം ജൂലൈ 23ന്

നെടുമങ്ങാട് സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിൽ ടൂ ആൻഡ് ത്രീ വീലർ മെയിൻറെനൻസ്, ഇലക്ട്രിക്കൽ, ഫിറ്റിങ്, വെൽഡിങ് വിഭാഗങ്ങളിൽ ട്രേഡ്സ്മാൻ തസ്തികയിൽ നിലവിലുള്ള ഓരോ ഒഴിവുകളിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ടി.എച്ച്.എസ്.എൽ.സി അല്ലെങ്കിൽ എസ്.എസ്.എൽ.സിയും ബന്ധപ്പെട്ടവിഷയത്തിൽ നേടിയ.ഐ.ടി.ഐ / വിഎച്ച്എസ്ഇ / കെജിസിഇ / ഡിപ്ലോമ എന്നിവയാണ് യോഗ്യത. ഉദ്യോഗാർത്ഥികൾ യോഗ്യത, പ്രവർത്തി പരിചയ സർട്ടിഫിക്കറ്റുകളുടെ അസലും പകർപ്പുകളും സഹിതം ജൂലൈ 23ന് സ്കൂളിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കണമെന്ന് സൂപ്രണ്ട് അറിയിച്ചു.

## റൂസയിൽ സിസ്റ്റം അനലിസ്റ്റ് അപേക്ഷ ക്ഷണിച്ചു

ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) യുടെ തിരുവനന്തപുരം സംസ്ഥാന കാര്യാലയത്തിൽ സിസ്റ്റം അനലിസ്റ്റ് തസ്തികയിലെ ഒരു ഒഴിവിലേക്ക് അന്യത്രസേവന വ്യവസ്ഥയിൽ അപേക്ഷ ക്ഷണിച്ചു. ശമ്പള സ്കെയിൽ 59300120900 (ജഞ 2236037940). സർക്കാർ എൻജിനീയറിംഗ്/ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ഉള്ളവർക്കും സർക്കാർ പോളിടെക്നിക്കുകളിൽ ഉള്ളവർക്കും അപേക്ഷിക്കാം. അപേക്ഷകർ മേലധികാരിയുടെ നിരാക്ഷേപ പത്രം സഹിതം നിശ്ചിത മാതൃകയിൽ അപേക്ഷ നൽകണം.

ഒന്നിൽ കൂടുതൽ അപേക്ഷകൾ ലഭിക്കുന്ന പക്ഷം അഭിമുഖത്തിലൂടെ ആയിരിക്കും നിയമനം. എൻജിനിയറിംഗിൽ ബിരുദാനന്തര ബിരുദം (കംപ്യൂട്ടർ/ഐ.റ്റി), ജഎങ്ങടലെ പരിചയം എന്നിവ അഭിലഷണീയമാണ്. താത്പര്യമുള്ളവർ റൂസ സ്റ്റേറ്റ് പ്രോജക്ട് കോഓർഡിനേറ്റർ, റൂസ സംസ്ഥാന കാര്യാലയം, ഗവ. സംസ്കൃത കോളജ് ക്യാമ്പസ് പാളയം, യൂണിവേഴ്സിറ്റി പി.ഒ., തിരുവനന്തപുരം 695034 എന്ന വിലാസത്തിൽ തപാൽ മുഖേനയോ, keralarusa@gmail.com എന്ന ഇമെയിൽ വിലാസത്തിൽ ഇമെയിൽ മുഖേനയോ അപേക്ഷ സമർപ്പിക്കാം. നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ റൂസ സംസ്ഥാന കാര്യാലയത്തിൽ ലഭിക്കേണ്ട അവസാന തീയതി ജൂലൈ 30 വൈകിട്ട് അഞ്ചു മണി. നിയമനം സംബന്ധിച്ച് റൂസ സ്റ്റേറ്റ് പ്രോജക്ട് കോഓർഡിനേറ്റർ/പ്രോജക്ട് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കും.

## കീം 2024: എൻ ആർ ഐ രേഖകളിലെ അപാകത പരിഹരിക്കാം

202425 അധ്യയന വർഷത്തെ മെഡിക്കൽ (എം.ബി.ബി.എസ്/ ബി.ഡി.എസ്) കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് എൻ.ആർ.ഐ ക്ലെയിം ചെയ്ത് ഓൺലൈനായി അപേക്ഷ സമർപ്പിച്ച വിദ്യാർഥികൾക്ക് രേഖകൾ പരിശോധിക്കുന്നതിനും അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കുന്നതിനും അവസരം. www.cee.kerala.gov.in ൽ 20 ന് രാത്രി 11.59 വരെ ഇതിന് സൗകര്യമുണ്ടാവും. വിശദ വിവരങ്ങൾ വെബ്സൈറ്റിലുണ്ട്. ഹെൽപ് ലൈൻ നമ്പർ: 0471 2525300.

## അഭിമുഖത്തിന്റെ സമയക്രമം

ട്രേഡ്സ്മാൻ (ടൂ ആൻഡ് ത്രീ വീലർ മെയിന്റനൻസ്) ജൂലൈ 23 ന് രാവിലെ 9ന് , ട്രേഡ്സ്മാൻ (ഇലക്ട്രിക്കൽ) രാവിലെ 10:30ന് , ട്രേഡ്സ്മാൻ (ഫിറ്റിങ്) ഉച്ചക്ക് 12ന് , ട്രേഡ്സ്മാൻ (വെൽഡിങ്) ഉച്ചക്ക് രണ്ടിന്. വിശദവിവരങ്ങൾക്ക് 0472 2812686, 9400006460.

# ടെക്നോപാർക്ക് കമ്പനിയായ എച്ച് ആൻഡ് ആർ ബ്ലോക്ക് ഗ്രേറ്റ് മിഡ്സൈസ് വർക്ക്പ്ലേസസ് പട്ടികയിൽ ഇന്ത്യയിൽ ഒന്നാമത്

### ടെക്നോപാർക്ക് സിഇഒ കേണൽ സഞ്ജീവ് നായർ (റിട്ട.) സ്ഥാപനത്തെ ആദരിച്ചു



*ഗ്രേറ്റ് മിഡ്സൈസ് വർക്ക്പ്ലേസസ് 2024 വിഭാഗത്തിൽ രാജ്യത്ത് ഒന്നാം സ്ഥാനം നേടിയ ടെക്നോപാർക്ക് കമ്പനിയായ എച്ച് ആൻഡ് ആർ ബ്ലോക്ക് സന്ദർശിച്ച ടെക്നോപാർക്ക് സിഇഒ കേണൽ സഞ്ജീവ് നായർ (റിട്ട.) എച്ച് ആൻഡ് ആർ ബ്ലോക്ക് ഇന്ത്യയുടെ വൈസ് പ്രസിഡൻറും മാനേജിംഗ് ഡയറക്ടറുമായ ഹരിപ്രസാദ് കെ പിക്ക് ഉപഹാരം നൽകുന്നു. ടെക്നോപാർക്ക് കസ്റ്റമർ റിലേഷൻഷിപ്സ് എജിഎം വസന്ത് വരദ, ടെക്നോപാർക്കിലെയും എച്ച് ആൻഡ് ആർ ബ്ലോക്ക് മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ സമീപം.*

തിരുവനന്തപുരം: ടെക്നോപാർക്ക് കമ്പനിയായ എച്ച് ആൻഡ് ആർ ബ്ലോക്കിന് ഗ്രേറ്റ് മിഡ്സൈസ് വർക്ക്പ്ലേസസ് 2024 വിഭാഗത്തിൽ രാജ്യത്ത് ഒന്നാം സ്ഥാനം. തൊഴിലിട സംസ്കാരത്തെക്കുറിച്ചുള്ള ആഗോള സംഘടനയായ ഗ്രേറ്റ് പ്ലേസ് ടു വർക്ക് ഇൻസ്റ്റിറ്റ്യൂട്ടിൻറെ അംഗീകാരമാണ് യുഎസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ആഗോള ഉപഭോക്തൃ നികുതി സേവന കമ്പനിയായ എച്ച് ആൻഡ് ആർ ബ്ലോക്കിന് ലഭിച്ചത്.

ക്രിയാത്മകത, ഉൾക്കൊള്ളൽ, വളർച്ചയെ അടിസ്ഥാനമാക്കിയുള്ള തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള പ്രതിബദ്ധത, സിഎസ്ആർ പ്രവർത്തന മികവ് തുടങ്ങിയവ കണക്കിലെടുത്താണ് ബഹുമതി. ഇന്ത്യക്കു പുറമേ അയർലൻഡ്, കാനഡ, ഓസ്ട്രേലിയ എന്നിവിടങ്ങളിലും എച്ച് ആൻഡ് ആർ ബ്ലോക്കിന് ഓഫീസുകളുണ്ട്.

നേട്ടത്തിൽ സ്ഥാപനത്തെ അഭിനന്ദിച്ചുകൊണ്ട്, ടെക്നോപാർക്ക് സിഇഒ കേണൽ സഞ്ജീവ് നായർ (റിട്ട.), മറ്റ് ടെക്നോപാർക്ക് ഉദ്യോഗസ്ഥർ തുടങ്ങിയവർ കമ്പനി സന്ദർശിച്ചു. എച്ച് ആൻഡ് ആർ ബ്ലോക്കിലെ ഉദ്യോഗസ്ഥരുമായി ആശയവിനിമയം നടത്തിയ അദ്ദേഹം ഉപഹാരവും സമ്മാനിച്ചു. കമ്പനിയിലെ ഓരോ ജീവനക്കാരനെയും വിലമതിക്കുകയും ശാക്തീകരിക്കുകയും ചെയ്യുന്നതിനൊപ്പം മികവിൻറെയും നവീകരണത്തിൻറെയും സംസ്കാരം വളർത്തിയതിന് എച്ച് ആൻഡ് ആർ ബ്ലോക്കിനെ സിഇഒ അഭിനന്ദിച്ചു.

എല്ലാവർക്കും മൂല്യവും ബഹുമാനവും സ്വാതന്ത്ര്യവും അനുഭവപ്പെടുന്ന തൊഴിലിടം ഒരുക്കാനാകുന്നതിൽ സ്ഥാപനത്തിന് അഭിമാനമുണ്ടെന്ന് എച്ച് ആൻഡ് ആർ ബ്ലോക്ക് ഇന്ത്യയുടെ വൈസ് പ്രസിഡൻറും മാനേജിംഗ് ഡയറക്ടറുമായ ഹരിപ്രസാദ് കെ പി പറഞ്ഞു. ഇന്ത്യയിലെ മികച്ച തൊഴിലിട പട്ടികയിൽ മുൻപന്തിയിലെത്തിയത് വലിയ അംഗീകാരമാണ്. ജീവനക്കാരുടെ ഒത്തൊരുമയുടെയും അർപ്പണബോധത്തിൻറെയും സാക്ഷ്യമാണ് ഈ അംഗീകാരം. സഹകരണവും നൂതനത്വവും പ്രോത്സാഹിപ്പിക്കുന്നതും എല്ലാത്തിനെയും ഉൾക്കൊള്ളുന്നതുമായ സംസ്കാരം വളർത്തിയതിന് ജീവനക്കാർക്ക് നന്ദി പറയുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

തൊഴിലിനൊപ്പം ചുറ്റുപാടിൻറെ വികസനത്തിനും സാമൂഹിക സേവന പ്രവർത്തനങ്ങൾക്കുമായി എച്ച് ആൻഡ് ആർ ബ്ലോക്ക് നടത്തുന്ന ശ്രമങ്ങൾ പ്രശംസനീയമാണെന്ന് ടെക്നോപാർക്ക് സിഇഒ കേണൽ സഞ്ജീവ് നായർ (റിട്ട.) പറഞ്ഞു. മികച്ച തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും മികവുറ്റ ഫലങ്ങൾ പുറത്തു കൊണ്ടുവരുന്നതിനുമുള്ള സ്ഥാപനത്തിൻറെ പരിശ്രമങ്ങൾക്കുള്ള അംഗീകാരമാണിത്. ഇത് മറ്റുള്ളവരെ പ്രചോദിപ്പിക്കുകയും ഐടി സംവിധാനങ്ങളുടെ മൊത്തത്തിലുള്ള വികസനത്തിലേക്ക് നയിക്കുന്ന മാതൃകയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.ടെക്നോപാർക്ക് കസ്റ്റമർ റിലേഷൻഷിപ്സ് എജിഎം വസന്ത് വരദ ചടങ്ങിൽ പങ്കെടുത്തു.ചില്ലറ നികുതി സേവനങ്ങളും ഓൺലൈൻ നികുതി സേവനങ്ങളും വാഗ്ദാനം ചെയ്യുന്ന എച്ച് ആൻഡ് ആർ ബ്ലോക്കിൻറെ ടെക്നോപാർക്കിലെ ഗ്ലോബൽ ടെക്നോളജി സെൻറർ (ജിടിസി) ഐടി, ഐടി ഇതര സേവനങ്ങൾ നൽകുന്നു. സിഎസ്ആർ പ്രവർത്തനങ്ങളുടെ ഭാഗമായി ഇതിനകം പത്ത് വീടുകൾ എച്ച് ആൻഡ് ആർ ബ്ലോക്ക് നിർമ്മിച്ചു നൽകിയിട്ടുണ്ട്.

മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഗ്രേറ്റ് പ്ലേസ് ടു വർക്ക് ഇൻസ്റ്റിറ്റ്യൂട്ട് രാജ്യാന്തര പ്രശസ്തമായ സ്ഥാപനമാണ്. ഇത് നിശ്ചിത മാനദണ്ഡങ്ങളിലുള്ള മൂല്യനിർണയ പ്രക്രിയയിലൂടെ മികച്ച തൊഴിൽ അന്തരീക്ഷമുള്ള സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നു.

## കെൽട്രോണിൽ ഹ്രസ്വകാല കോഴ്സുകൾ

പൊതുമേഖലാസ്ഥാപനമായ കെൽട്രോൺ ബി.ടെക്/ എം.സി.എ/ ബി.സി.എ/ ബി.എസ്സി/ ബി.കോം/ ബി.എ/ ഡിപ്ലോമ കഴിഞ്ഞവരിൽ നിന്നും തൊഴിൽ സാധ്യതയേറിയ വിവിധ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. 2 മുതൽ 6 മാസം വരെ ദൈർഘ്യമുള്ള കോഴ്സുകളാണ്. എംബഡഡ് സിസ്റ്റം ഡിസൈൻ, വെബ് ആപ്ലിക്കേഷൻ ഡെവലപ്മെന്റ്, ഐ.ടി.ഇ.എസ് ആൻഡ് ബി.പി.ഒ, സോഫ്റ്റ്വെയർ ടെസ്റ്റിങ്, ഇലക്ട്രോണിക്സ് ടെക്നിഷൻ, ഹാർഡ്വെയർ ആൻഡ് നെറ്റ്വർക്കിങ് കോഴ്സുകളിലേക്കാണ് പ്രവേശനം. കൂടുതൽ വിവരങ്ങൾക്ക് കെൽട്രോൺ നോളജ് സെന്റർ, സിറിയൻ ചർച്ച് റോഡ്, സ്പെൻസർ ജംഗ്ഷൻ, തിരുവനന്തപുരം 1 എന്ന വിലാസത്തിലോ 7356789991, 7306000415 എന്നീ ഫോൺ നമ്പറിലോ ബന്ധപ്പെടുക.

## ഇന്നോവേറ്റ് ആൻഡ് കണക്ട് സ്റ്റാർട്ടപ്പ് സപ്പോർട്ട് പ്രോഗ്രാം

വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ടായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (ഗകഋഉ) 6 ദിവസത്തെ ഇന്നോവേറ്റ് ആൻഡ് കണക്ട് (സ്റ്റാർട്ടപ്പ് പ്രോഗ്രാം) എന്ന വർക്ഷോപ്പ് സംഘടിപ്പിക്കുന്നു. ജൂലൈ 22 മുതൽ 27 വരെ കളമശേരിയിലെ ഗകഋഉ ക്യാമ്പസിലാണ് പരിശീലനം. 18 നും 35 നും ഇടയിൽ പ്രായമുള്ള യുവതി യുവാക്കൾക്ക് പങ്കെടുക്കാം. Ideation, Product Design, Product Development, Market Research, Business Model, Pitch Deck Creation, Legal - Company Incorporation, Tax, Intellectual Propetry Rights, Growth Hacking and Scaling Tech, AI tools for startups, Funding options, Visit to Kerala Startup Mission തുടങ്ങിയ വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓൺലൈനായി http://kied.infot/r-aining-calender ൽ അപേക്ഷ സമർപ്പിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന 35 പേർ ഫീസടച്ചാൽ മതി കൂടുതൽവിവരങ്ങൾക്ക് : 04842532890, 04842550322, 9188922785.

## ഡിപ്ലോമ ഇൻ ഫയർ ആൻഡ് സേഫ്റ്റി കോഴ്സ്

ആറ്റിങ്ങൽ ഗവ. ഐ.ടി.ഐയിൽ ഐ.എം.സി യുടെ ആഭിമുഖ്യത്തിൽ നടത്തുന്ന തൊഴിലധിഷ്ഠിത പ്ലേസ്മെന്റ് സപ്പോർട്ടോടുകൂടിയ ഒരു വർഷ ഡിപ്ലോമ ഇൻ ഫയർ ആൻഡ് സേഫ്റ്റി കോഴ്സിന് അഡ്മിഷൻ ആരംഭിച്ചു. എസ്.എസ്.എൽ.സി. പ്ലസ്ടു യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: 9020920920, 9744048041.

## സ്പോർട്സ് ക്വാട്ട പ്രവേശനം

തിരുവനന്തപുരം സർക്കാർ വനിതാ കോളജിൽ 202425 അധ്യയന വർഷത്തിലെ സ്പോർട്സ് കൗൺസിൽ സ്പോർട്സ് ക്വാട്ട ബിരുദ പ്രവേശനത്തിന് എല്ലാ അസൽ രേഖകളുമായി ജൂലൈ 22ന് രാവിലെ 11ന് സർക്കാർ വനിതാ കോളജിലെ ഫിസിക്കൽ എജ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിൽ റിപ്പോർട്ട് ചെയ്യണം.

## ഡോ. എം.എസ്. വല്യത്താൻ ആരോഗ്യ മേഖലയ്ക്ക് നൽകിയ സംഭാവനകൾ നിസ്തുലം: മന്ത്രി വീണാ ജോർജ്

ലോകപ്രശസ്ത ഹൃദയ ശസ്ത്രക്രിയാ വിദഗ്ധൻ ഡോ. എം.എസ്. വല്യത്താന്റെ നിര്യാണത്തിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അനുശോചനം രേഖപ്പെടുത്തി. ആരോഗ്യ മേഖലയ്ക്ക് അദ്ദേഹം നൽകിയ സംഭാവനകൾ നിസ്തുലമാണ്. തിരുവനന്തപുരം മെഡിക്കൽ കോളജിലെ ആദ്യ ബാച്ച് വിദ്യാർഥിയാണ് അദ്ദേഹം. തിരുവനന്തപുരം ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ ആദ്യ ഡയറക്ടറാണ്. മണിപ്പാൽ യൂണിവേഴ്സിറ്റിയുടെ ആദ്യ വി.സിയായിരുന്നു. ഇന്ത്യൻ അക്കാദമി ഓഫ് സയൻസസിന്റെ ചെയർമാനായിരുന്നു. പത്മവിഭൂഷൺ ഉൾപ്പെടെ ഇന്ത്യയിലെയും വിദേശത്തെയും ധാരാളം ബഹുമതികൾക്ക് അദ്ദേഹം അർഹനായി.

ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രവർത്തിക്കുന്ന സമയത്ത് ചെലവ് കുറഞ്ഞതും നൂതനവുമായ മെഡിക്കൽ സാങ്കേതികവിദ്യകൾ രൂപപ്പെടുത്തുന്നതിനും സാധാരണ ജനങ്ങളുടെ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളെ പരിഹരിക്കുന്നതിനും കൂടുതൽ ഊന്നൽ നൽകി. വിദേശത്ത് നിന്ന് വലിയ വില കൊടുത്തു വാങ്ങിക്കൊണ്ടിരുന്ന ഹൃദയ വാൽവുകൾ ശ്രീചിത്രയിൽ നിർമിച്ച് ഇന്ത്യയിൽ ആദ്യമായി കുറഞ്ഞ വിലയ്ക്ക് വാൽവ് ലഭ്യമാക്കാൻ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്ന പരിശ്രമങ്ങൾ ഏറെ ശ്രദ്ധ നേടി. രക്തബാഗുകൾ നിർമിച്ച് വ്യാപകമാക്കി. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ശ്രീചിത്രയെ രാജ്യത്തെ എണ്ണം പറഞ്ഞ ആരോഗ്യ സ്ഥാപനങ്ങളിൽ ഒന്നാക്കി മാറ്റി.

ആധുനിക വൈദ്യശാസ്ത്രത്തിന് മാത്രമായിരുന്നില്ല അദ്ദേഹത്തിന്റെ സംഭാവന. സാമ്പ്രദായികമായ രീതിയിൽ ആയുർവേദം അഭ്യസിക്കുകയും അതിന്റെ പ്രാധാന്യം പൊതുജനങ്ങളെയും അധികാരികളെയും ബോധ്യപ്പെടുത്താൻ അക്ഷീണം പ്രയത്നിക്കുകയും ചെയ്തു. അഷ്ടാംഗഹൃദയം അതീവ ചാരുതയോടെ മലയാളത്തിലേക്ക് വിവർത്തനം ചെയ്തു. ജീവിത സായാഹ്നത്തിലും ആയുർവേദ ഗവേഷണ പ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുകയായിരുന്നു അദ്ദേഹം. കണ്ണൂർ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ ആശയ വികസനത്തിന് അദ്ദേഹം സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രവുമായി ബന്ധപ്പെട്ട് ഏതാനും മാസങ്ങൾക്ക് മുമ്പ് അദ്ദേഹവുമായി നടത്തിയ ടെലഫോൺ സംഭാഷണവും ഈ അവസരത്തിൽ ഓർക്കുകയാണ്. വൈദ്യശാസ്ത്രത്തിന് കേരളം നൽകിയ വലിയ സംഭാവനയാണ് എം.എസ് വല്യത്താൻ. അദ്ദേഹത്തിന്റെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു.

## ഗൗരി ലങ്കേഷ് വധം: മുഖ്യസാക്ഷി കൂറുമാറി

### *മൂന്ന് പ്രതികൾക്ക് കൂടി ജാമ്യം

ബംഗളൂരു: മാധ്യമ പ്രവർത്തക ഗൗരി ലങ്കേഷ് വധക്കേസിൽ മുഖ്യസാക്ഷി കൂറുമാറി. കേസിലെ പ്രധാന സാക്ഷിയായ മടിത്തര തിമ്മയ്യയാണ് കൂറുമാറ്റം നടത്തിയത്. കഴിഞ്ഞ ദിവസം വിചാരണക്കോടതിയിലാണ് തിമ്മയ്യ സുപ്രധാന കേസിൽ പ്രതിഭാഗം ചേർന്നത്.

പൊലീസ് തന്നെ നിർബന്ധപൂർവം സാക്ഷിയാക്കിയെന്നും കൊലപാതകക്കേസിൽ ഗൂഢാലോചന നടന്നുവെന്ന് മൊഴി നൽകാൻ പ്രേരിപ്പിച്ചുവെന്നും വ്യവസായിയായ തിമ്മയ്യ കോടതിയിൽ ബോധിപ്പിച്ചു. നേരത്തെ കേസിലെ മുഖ്യപ്രതിയായ സനാതൻ സൻസ്ത പ്രവർത്തകൻ ബംഗാര സഹപ്രതികളോടൊപ്പം ഗൂഡാലോചന നടത്തിയെന്ന് തിമ്മയ്യ മൊഴി നൽകിയിരുന്നു.

2017 സെപ്റ്റംബർ അഞ്ചിനാണ് ഗൗരി ലങ്കേഷ് സ്വവതിക്ക് സമീപം വെടിയേറ്റ് മരിച്ചത്. സനാതൻ സൻസ്ത എന്ന തീവ്രഹിന്ദു സംഘടനയായിരുന്നു ആക്രമണത്തിന് പിന്നിലെന്ന് അന്വേഷണത്തിൽ കണ്ടെത്തി. സംഘ്പരിവാർ രാഷ്ട്രീയത്തിനെതിരെ നിരന്തരം വാർത്ത പ്രസിദ്ധീകരിച്ചിരുന്ന ഗൗരിക്കെതിരെ ആദ്യംമുതൽ വധഭീഷണി നിലനിന്നിരുന്നു. ഗൗരി ലങ്കേഷ് വധക്കേസ് സംഘടിത കുറ്റകൃത്യമെന്നാണ് കുറ്റപത്രത്തിൽ പറഞ്ഞിരുന്നത്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



*തിളക്കം 2024' അരുവിക്കര മണ്ഡലത്തിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ അനുമോദിച്ചു*

# അരുവിക്കരമണ്ഡലത്തിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്ക് അനുമോദനം

## 'തിളക്കം' 2024 മന്ത്രി കെ.എൻ ബാലഗോപാൽ ഉദ്ഘാടനം ചെയ്തു

അരുവിക്കരമണ്ഡലത്തിൽ എസ്.എസ്.എൽ.സി , പ്ലസ് ടു, വി.എച്ച്.എസ്.ഇ പരീക്ഷകളിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികളെ അനുമോദിച്ചു. ആര്യനാട് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിൽ നടന്ന 'തിളക്കം 2024' ധനകാര്യവകുപ്പ് മന്ത്രി കെ.എൻ ബാലഗോപാൽ ഉദ്ഘാടനം ചെയ്തു.

വിദ്യാർത്ഥികൾക്കുള്ള പുരസ്കാരം ചടങ്ങിൽ മന്ത്രി വിതരണം ചെയ്തു. ജി.സ്റ്റീഫൻ എം.എൽ.എ അധ്യക്ഷനായിരുന്നു.കേരളത്തിൽ വികസനം എല്ലാ മേഖലകളിലേക്കും എത്തിക്കാനായെന്നും, മാനവവിഭവശേഷിയിൽ കേരളം ഒന്നാം സ്ഥാനത്താണെന്നുള്ളത് ഇതിന്റെ തെളിവാണെന്നും മന്ത്രി കെ.എൻ ബാലഗോപാൽ പറഞ്ഞു. നാടിന്റെ വികസനത്തെ സഹായിക്കുന്ന പുതിയ ആശയങ്ങൾ രൂപപ്പെടുത്തിയെടുക്കാൻ ഇക്കാലത്തെ വിദ്യാർത്ഥികൾക്ക് കഴിയും. ഇത്തരം ആശയങ്ങൾക്ക് പൂർണ പിന്തുണയുമായി സർക്കാർ ഒപ്പമുണ്ടെന്നും മന്ത്രി അറിയിച്ചു. മലയോര മേഖലയുടെ വികസനത്തിന് എല്ലാവിധ സഹകരണവും സർക്കാർ നൽകുമെന്നും മന്ത്രി വ്യക്തമാക്കി.മികവിന്റെ കേന്ദ്രങ്ങളായി മാറിയ പൊതുവിദ്യാലയങ്ങളിൽ പഠിച്ച് ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്കാണ് എം.എൽ.എയുടെ പുരസ്കാരം നൽകിയത്. 600 വിദ്യാർത്ഥികളും എസ്.എസ്.എൽ.സി പരീക്ഷയിൽ 100 ശതമാനം വിജയം കൈവരിച്ച ഒൻപത് സ്കൂളുകളും പുരസ്കാരങ്ങൾ ഏറ്റുവാങ്ങി.

ആര്യനാട് വി.എച്ച്.എസ്.ഇയുടെ നൂറാം വാർഷികത്തോടനുബന്ധിച്ച് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റിന്റെ നേതൃത്വത്തിൽ നേര് പദ്ധതി പ്രകാരം നിർമിച്ച ഗാന്ധി പ്രതിമ മന്ത്രി കെ.എൻ ബാലഗോപാൽ അനാവരണം ചെയ്തു.വാട്ടർ അതോറിറ്റി ജോയിന്റ് എം.ഡിയും ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടറുമായ ബിനു ഫ്രാൻസിസ്, പങ്കജ കസ്തൂരി എം.ഡി പത്മശ്രീ ഡോ. ജെ.ഹരീന്ദ്രൻ നായർ എന്നിവർ വിശിഷ്ടാതിഥികളായിരുന്നു. ആര്യനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി. വിജു മോഹൻ, ജില്ലാ പഞ്ചായത്തംഗം എ.മിനി, വാർഡ് അംഗം ശ്രീജ.എസ്, മറ്റ് ജനപ്രതിനിധികൾ, സ്കൂൾ പ്രിൻസിപ്പാൾ സൂസി രാജ് എ.ആർ, വി.എച്ച്.എസ്.സി വിഭാഗം പ്രിൻസിപ്പാൾ ഫിലോമിന കുര്യൻ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

## ഡി എൽ എഡ് ഫലം

ഡി.എൽ.എഡ് (ജനറൽ) ഒന്ന്, മൂന്ന് സെമസ്റ്റർ റഗുലർ 1, 2, 3, 4 സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാഫലം www.pareekshabhavan.kerala.gov.ശി ൽ ലഭ്യമാണ്. പുനർമൂല്യനിർണയം/ സ്ക്രൂട്ടണി എന്നിവയ്ക്കുള്ള അപേക്ഷകൾ 19 മുതൽ 25 വരെ ഓൺലൈനായി സമർപ്പിക്കണം.

## പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒഴിവ്: അപേക്ഷാ തീയതി നീട്ടി

വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനവുമായി ബന്ധപ്പെട്ട് കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് മുമ്പാകെ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജൂലൈ 31 വരെ നീട്ടി. വിശദാംശങ്ങൾക്ക്: kpserb.kerala.gov.in.

## അനുശോചനം രേഖപ്പെടുത്തി

കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി, എൻവയോൺമെന്റിന്റെ ആദ്യ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റും പദ്മവിഭൂഷൺ പുരസ്കാര ജേതാവുമായ ഡോ.എം.എസ്.വല്യത്താന്റെ നിര്യാണത്തിൽ കേരള ശാസ്ത്ര സാങ്കേതിക പാരിസ്ഥിതി കൗൺസിൽ അനുശോചനം രേഖപ്പെടുത്തി. ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസിന്റെ സ്ഥാപക ഡയറക്ടറുമായിരുന്നു അദ്ദേഹം.

കൗൺസിലിന്റെ പ്രഥമ വൈസ് പ്രസിഡന്റ് എന്ന നിലയിൽ ഇവിടത്തെ ബഹുമുഖമായ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും വൈവിധ്യമാർന്ന കർമ്മ പദ്ധതികൾക്ക് ചുക്കാൻ പിടിക്കുകയും ചെയ്തു. കൗൺസിലിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിനായി തീവ്രമായി പ്രവർത്തിക്കുകയും ചെയ്ത മഹനീയ വ്യക്തിത്വമായിരുന്നു ഡോ.എം.എസ്.വല്യത്താൻ. ഇന്നത്തെ നിലയിലുള്ള കൗൺസിലിന്റെ വളർച്ചയ്ക്ക് ഒരു പ്രേരക ശക്തി ആയിരുന്നു അദ്ദേഹം. സർവോപരി ഒരു മനുഷ്യസ്നേഹിയുമായിരുന്നുവെന്ന് അനുശോചന കുറിപ്പിൽ അറിയിച്ചു.

## ലൈഫ് ഗാർഡ് / കടൽ രക്ഷാ ഗാർഡ് അപേക്ഷിക്കാം

2024 വർഷത്തിലെ ട്രോളിങ് നിരോധന കാലയളവിനു ശേഷം തിരുവനന്തപുരം ജില്ലയിൽ ഫിഷറീസ് വകുപ്പ് ഏർപ്പെടുത്തുന്ന റസ്ക്യൂ ബോട്ടുകളിലേക്ക് ലൈഫ് ഗാർഡ്/കടൽ രക്ഷാ ഗാർഡുമാരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നു. അപേക്ഷകർ രജിസ്ട്രേഡ് മത്സ്യത്തൊഴിലാളികളും ഗോവ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സ് പരിശീലനം പൂർത്തിയാക്കിയവരുമായിരിക്കണം. പ്രായപരിധി 20നും 45 വയസിനും ഇടയിൽ. പ്രതികൂല കാലാവസ്ഥയിലും കടലിൽ നീന്താൻ ക്ഷമതയുള്ളവരായിരിക്കണം. കടൽ രക്ഷാ പ്രവർത്തനങ്ങളിൽ പരിചയമുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കും.

കൂടാതെ സീ റസ്ക്യൂ സ്ക്വാഡ് അല്ലെങ്കിൽ ലൈഫ് ഗാർഡ് ആയി ജോലി നോക്കിയിട്ടുള്ളവർ, തിരുവനന്തപുരം ജില്ലയിലെ താമസക്കാർ, 2018 ലെ പ്രളയ രക്ഷാപ്രവർത്തനത്തിൽ പങ്കെടുത്തവർ എന്നിവർക്കും മുൻഗണന ഉണ്ടായിരിക്കും. താത്പര്യമുള്ളവർ വിഴിഞ്ഞത്തെ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ബയോഡാറ്റ, തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബുക്ക്, യോഗ്യത, മുൻപരിചയം എന്നിവ തെളിയിക്കുന്ന രേഖകൾ സഹിതം ജൂലൈ 25 ഉച്ചതിരിഞ്ഞ് മൂന്നിന് മുൻപായി അപേക്ഷ സമർപ്പിക്കണം. അഭിമുഖം ജൂലൈ 29 രാവിലെ 11ന് വിഴിഞ്ഞം ഫിഷറീസ് സ്റ്റേഷനിൽ നടക്കും

# വൈദ്യശാസ്ത്ര ലോകത്തിന് കേരളം നൽകിയ മഹത്തായ സംഭാവനയാണ് ഡോ. എം എസ് വല്യത്താൻ മുഖ്യമന്ത്രി

വൈദ്യശാസ്ത്ര ലോകത്തിന് കേരളം നൽകിയ മഹത്തായ സംഭാവനയാണ് ഡോ. എം എസ് വല്യത്താനെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പരമ്പരാഗതവും ആധുനികവുമായ വൈദ്യശാസ്ത്ര ചികിത്സാ സമ്പ്രദായങ്ങളെ സമന്വയിപ്പിച്ച് മുന്നോട്ടുപോയ ജനകീയ ഭിഷഗ്വരനായിരുന്നു അദ്ദേഹം. ആധുനിക വൈദ്യശാസ്ത്രത്തിൽ അവഗാഹം ഉണ്ടായിരിക്കെത്തന്നെ ആയുർവേദ വൈദ്യശാസ്ത്രം പഠിക്കാനും അതിൽകൂടി ഗവേഷണം നടത്താനും ഡോ. എം.എസ് വല്യത്താൻ നടത്തിയ ശ്രമങ്ങൾ സമൂഹത്തിന്റെ പൊതുവായ ആരോഗ്യ പരിരക്ഷാരംഗത്തിന്റെ സാധ്യതകളെല്ലാം വിനിയോഗിക്കേണ്ടതുണ്ട് എന്ന നിശ്ചയത്തിന്റെ അടിസ്ഥാനത്തിലുള്ളതായിരുന്നു.

നേതൃപദവിയിൽ ഇരുന്ന് ശ്രീചിത്തിര തിരുനാൾ ആശുപത്രിയെ ഉത്തരോത്തരം വളർത്തിയ വ്യക്തിയായിരുന്നു. ഹൃദയ സംബന്ധമായ ചികിത്സയ്ക്കാവശ്യമായ നൂതന സാങ്കേതികവിദ്യകളും ഉപകരണങ്ങളും വികസിപ്പിച്ചു. ഡിസ്പോസിബിൾ ബ്ലഡ് ബാഗ്, തദ്ദേശീയമായി കുറഞ്ഞ ചെലവിൽ ഹൃദയവാൽവ് എന്നിവ വികസിപ്പിക്കുന്നതിലും അദ്ദേഹത്തിന് നേതൃപരമായ പങ്കുണ്ടായിരുന്നു.

ലഗസി ഓഫ് ചരക, ലഗസി ഓഫ് സുശ്രുത, ലഗസി ഓഫ് വാഗ്ഭട എന്നിങ്ങനെ വിശിഷ്ടങ്ങളായ മൂന്നു കൃതികൾ ആയുർവേദ ശാസ്ത്രവുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റേതായുണ്ട്. ആയുർവേദത്തിന്റെ സാധ്യതകൾ സാധാരണക്കാർക്ക് മനസിലാകണം എന്ന ഉദ്ദേശ്യത്തോടെ എഴുതപ്പെട്ടതാണ് ഈ കൃതികൾ. പത്മഭൂഷൺ, പത്മശ്രീ തുടങ്ങിയവ മുതൽ അമേരിക്കയിൽ നിന്നും ഫ്രാൻസിൽ നിന്നുമടക്കമുള്ള അംഗീകാരങ്ങൾ വരെ അദ്ദേഹത്തെ തേടിയെത്തി. മണിപ്പാലിലടക്കം അദ്ദേഹം നടത്തിയ സേവനങ്ങൾ ശ്രദ്ധേയമായിരുന്നുവെന്ന് മുഖ്യമന്ത്രി അനുശോചന കുറിപ്പിൽ പറഞ്ഞു.

# നിരോധിത പ്ലാസ്റ്റിക്ക് ക്യാരി ബാഗുകളും ഉൽപ്പന്നങ്ങളും ഉപയോഗിക്കുന്നവർക്കെതിരെ കർശന നടപടി

നിരോധിത പ്ലാസ്റ്റിക്ക് ക്യാരി ബാഗുകളും ഉൽപ്പന്നങ്ങളും ഉപയോഗിക്കുന്നവർക്കെതിരെ കർശന നടപടിയെടുക്കാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചു.

ആമയിഴഞ്ചാൻ തോട്ടിലെ മാലിന്യപ്രശ്നവുമായി ബന്ധപ്പെട്ട് വിളിച്ച യോഗത്തിലാണ് തീരുമാനം. നഗരത്തിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനും സുഗമമായ നടത്തിപ്പിനും ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടിലെ വകുപ്പുകൾ ഉപയോഗപ്പെടുത്തും. ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ സബ് കളക്ടറെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുള്ള സ്പെഷ്യൽ ഓഫീസറായി ചുമതലപ്പെടുത്തും. മേജർ ഇറിഗേഷൻ, കോർപ്പറേഷൻ, റെയിൽവേ എന്നീ മൂന്ന് വിഭാഗങ്ങളുടെയും ഏകോപനം ഉറപ്പാക്കും.

നിരോധിത പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ നിരുത്സാഹപ്പെടുത്താൻ കർശന നടപടിയെടുക്കും. പൊതുനിരത്തിലും ജലാശയത്തിലും മാലിന്യം നിക്ഷേപിക്കുന്ന വാഹനങ്ങളുടെ രജിട്രേഷൻ റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കും.

ആമയിഴഞ്ചാൻ രക്ഷാദൗത്യത്തിൽ സാഹസികമായി പങ്കെടുത്തവരെ പ്രത്യേകിച്ച് സ്കൂബ ടീമിനെ മുഖ്യമന്ത്രി അഭിനന്ദിച്ചു.

സാംക്രമിക രോഗങ്ങൾ തടയാൻ മാലിന്യ നീക്കം പ്രധാനമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. എല്ലാ ദിവസവും ശാസ്ത്രീയമായ മാലിന്യ സംസ്കരണം റെയിൽവേ ഉറപ്പു വരുത്തണം. തമ്പാനൂർ റെയിൽവേ സ്റ്റേഷനിലൂടെ ഒഴുകുന്ന 130 മീറ്റർ നീളമുള്ള ടണൽ ശുചീകരിക്കണമെന്ന് ഇന്ത്യൻ റെയിൽവേയോട് നിർദ്ദേശിച്ചു. ട്രെയിനുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നുവെന്ന് ഉറപ്പാക്കാൻ റെയിൽവേ എഞ്ചിനീയറിംഗ് വിഭാഗം ആഴ്ചയിലൊരിക്കൽ പരിശോധന നടത്തണം. തോടിന്റെ രണ്ട് ഭാഗത്തുള്ള ഫെൻസിങ്ങിന്റെ അറ്റകുറ്റപ്പണി ഇറിഗേഷൻ വകുപ്പ് നടത്തും. 2000 മീറ്ററിൽ പുതുതായി സ്ഥാപിക്കേണ്ട ഫെൻസിങ്ങിന്റെ പണി ഉടൻ ആരംഭിക്കും. രാജാജി നഗറിന്റെ മദ്ധ്യ ഭാഗത്തുള്ള പാലത്തിന് സമീപവും നഗർ അവസാനിക്കുന്ന ഭാഗത്തും രണ്ട് ട്രാഷ് ബൂമുകൾ കോർപ്പറേഷൻ സ്ഥാപിക്കും. രാജാജിനഗർ പ്രദേശത്ത് ശാസ്ത്രീയ ഖരമാലിന്യ പദ്ധതിക്ക് കണ്ടെത്തിയ സ്ഥലത്ത് ഉടൻ പ്രവർത്തി ആരംഭിക്കും.

മെറ്റൽ മെഷുകൾ മേജർ ഇറിഗേഷൻ വകുപ്പ് സ്ഥാപിക്കും. മാലിന്യ സംസ്കരണ പ്രവർത്തികളിൽ ഏർപ്പെടുന്നവർക്ക് ഫയർ & റസ്ക്യു നേതൃത്വത്തിൽ പരിശീലനവും ആവശ്യമായ സുരക്ഷാ ക്രമീകരണവും നൽകും. 40 എ ഐ ക്യാമറകൾ സ്ഥാപിക്കും. ഇവയെ പോലീസ് കൺട്രോൾ റൂമുമായി ബന്ധപ്പിക്കും. മാലിന്യം തള്ളുന്നവർക്കെതിരെ കർശന നടപടി എടുക്കും.

രാജാജി നഗറിൽ നിലവിലുള്ള തുമ്പൂർമുഴി യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കി അധികമായി വരുന്ന മാലിന്യം അംഗീകൃത ഏജൻസികൾക്ക് കൈമാറും അജൈവ മാലിന്യം ശേഖരിക്കുന്നതിന് മിനി എം.സി.എഫ്/കണ്ടയിനർ എം.സി.എഫ് സ്ഥാപിക്കും.

കെ.എസ്.ആർ.ടി.സി തമ്പാനൂർ ബസ് ഡിപ്പോയിലെ സർവീസ് സ്റ്റേഷനിൽ നിന്നുള്ള മലിന ജലവും മറ്റ് ഖര മാലിന്യങ്ങളും ആമയിഴഞ്ചാൻ തോടിലേയ്ക്ക് തള്ളുന്നത് ഒഴിവാക്കുന്നതിന് എഫ്ളുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റും ഇന്റഗ്രേറ്റഡ് വേസ്റ്റ് മാനെജ്മെന്റ് സംവിധാനവും ക്രമീകരിക്കണമെന്ന് കെഎസ്ആർടിസിക്ക് നിർദ്ദേശം നൽകി.

പ്ലാമൂട്, കോസ്മോ ആശുപത്രി, കണ്ണമ്മൂല, പാറ്റൂർ എന്നിവിടങ്ങളിലെ കേരള വാട്ടർ അതോറിറ്റിയുടെ പമ്പിങ് സ്റ്റേഷനുകളിൽ നിന്ന് ഓവർഫ്ളോ വെള്ളം ഒഴുകുന്നത് തടയാൻ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചു. മൃഗശാലയിൽ മലിനജല സംസ്കരണ പ്ലാന്റ് പ്രവർത്തിപ്പിക്കണമെന്നും ഖരമാലിന്യ സംസ്കരണത്തിന് സംവിധാനമൊരുക്കണമെന്നും നിർദ്ദേശിച്ചു.

മലിനീകരണ നിയന്ത്രണ ബോർഡ് പഠനത്തിൽ ചൂണ്ടിക്കാണിച്ചതു പ്രകാരം ആമയിഴഞ്ചാൻ തോടിന് സമീപമുള്ള വീടുകളിലെ മലിനജലം തോടിലേക്ക് എത്തുന്നത് ഒഴിവാക്കാൻ കർശന നടപടികൾ കൈക്കൊള്ളും.കെഎസ്ആർടിസി, തകരപറമ്പ്, പാറ്റൂർ, വഞ്ചിയൂർ, ജനശക്തി നഗർ, കണ്ണമ്മൂല എന്നിവിടങ്ങളിലെ വാണിജ്യ/ വ്യാപാര സ്ഥാപനങ്ങളിലെ മലിനജലം ആമയിഴഞ്ചാൻ തോടിലേക്ക് ഒഴുക്കുന്നതിനെതിരെയും കർശന നടപടി സ്വീകരിക്കും. നീർച്ചാലുകളുടെ സംരക്ഷണം, പരിപാലനം, മേൽനോട്ടം എന്നിവയ്ക്കായി ജനകീയ പരിപാടി ആസൂത്രണം ചെയ്യും. ഇതിനായി നീർച്ചാൽ കമ്മിറ്റികൾ രൂപീകരിക്കൽ, കുട്ടികളുടെ മേൽനോട്ടത്തിൽ നീർച്ചാൽ പരിപാലനം മുതലായ വിവിധ പരിപാടികൾ ആസൂത്രണം ചെയ്യും. വെള്ളം കടലിൽ ഒഴികിയെത്തുന്നതിന് നീരൊഴുക്ക് സുഗമമാക്കും.

ഓൺലൈനായി ചേർന്ന യോഗത്തിൽ തദ്ദേശ സ്വയംഭരണം, പൊതുമരാമത്ത്, തൊഴിൽ, ഭക്ഷ്യം, കായികം റെയിൽവേ, ആരോഗ്യം, ജലവിഭവം വകുപ്പ് മന്ത്രിമാരും ബന്ധപ്പെട്ട എംഎൽഎമാരും തിരുവനന്തപുരം മേയറും പങ്കെടുത്തു. ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥരും റെയിൽവേ ഡിവിഷണൽ മാനേജരും യോഗത്തിലുണ്ടായി.

# എൻ.യു.എൽ.എം പദ്ധതി നിർവഹണത്തിലെ മികവ്: ദേശീയ സ്പാർക്ക് റാങ്കിങ്ങിൽ കേരളം ഒന്നാമത്

***രാജ്യമൊട്ടാകെ നടപ്പാക്കുന്ന പദ്ധതിയിൽ തുടർച്ചയായി ഏഴാം തവണയും അംഗീകാരം നേടുന്ന ആദ്യ സംസ്ഥാനമായി കേരളം**

*** മികച്ച വികസന പങ്കാളികൾക്കുള്ള അവാർഡ് നേടി കുടുംബശ്രീ അക്കൗണ്ടിങ്ങ് ആൻഡ് ഓഡിറ്റിങ്ങ് സർവീസ് സൊസൈറ്റി(കാസ്സ്)**

*** കേരളത്തിൽ 93 നഗരസഭകളിലും നടപ്പാക്കുന്ന പദ്ധതിയുടെ നോഡൽ ഏജൻസി കുടുംബശ്രീ**

തിരുവനന്തപുരം: കേന്ദ്രാവിഷ്കൃത പദ്ധതി ദീൻ ദയാൽ അന്ത്യോദയ യോജന-ദേശീയ നഗര ഉപജീവന ദൗത്യം(ഡേ-എൻ.യു.എൽ.എം) മികച്ച രീതിയിൽ നടപ്പാക്കിയതിന് ദേശീയതലത്തിൽ കേരളത്തിനു വീണ്ടും അംഗീകാര തിളക്കം. പദ്ധതി നടപ്പാക്കുന്ന സംസ്ഥാനങ്ങൾക്ക് കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം ഏർപ്പെടുത്തിയ 2023-24ലെ 'സ്പാർക്ക്'(സിസ്റ്റമാറ്റിക് പ്രോഗ്രസ്സീവ് അനലിറ്റിക്കൽ റിയൽ ടൈം റാങ്കിങ്ങ്) റാങ്കിങ്ങിലാണ് കേരളം ഒന്നാം സ്ഥാനം നേടിയത്. ഇതോടെ തുടർച്ചയായി ഏഴു തവണ സ്പാർക്ക് അവാർഡ് നേടുന്ന ഏക സംസ്ഥാനമായി കേരളം മാറി. ഉത്തർപ്രദേശ്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനം നേടി. സംസ്ഥാനത്ത് കുടുംബശ്രീയാണ് പദ്ധതിയുടെ നോഡൽ ഏജൻസി.

'നേട്ടങ്ങളുടെ ആഘോഷം, പ്രചോദിപ്പിക്കുന്ന മികവ്' എന്ന ആശയത്തെ അടിസ്ഥാനമാക്കി എൻ.യു.എൽ.എം, പി.എം സ്വാനിധി പദ്ധതികളുടെ നേട്ടങ്ങളെ ദേശീയതലത്തിൽ അംഗീകരിക്കുന്നതിനായി ന്യൂഡൽഹിയിലെ ഇൻഡ്യ ഹാബിറ്റാറ്റ് സെന്ററിൽ ഇന്ന് (18-7-2024) സംഘടിപ്പിച്ച വാർഷിക പരിപാടിയിൽ കേന്ദ്രഭവന നഗരകാര്യ മന്ത്രി മനോഹർ ലാൽ ഖട്ടറിൽ നിന്നും കുടുംബശ്രീയെ പ്രതിനിധീകരിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ.ഷർമ്മിള മേരി ജോസഫ്, സ്റ്റേറ്റ് പ്രോഗ്രാം മാനേജർമാരായ ബീന ഇ, മേഘ്ന എസ് എന്നിവർ ചേർന്ന് പുരസ്കാരം സ്വീകരിച്ചു.

'ബെസ്റ്റ് ഡെവലപ്മെന്റ് പാർട്ട്ണേഴ്സ്' വിഭാഗത്തിൽ കുടുംബശ്രീ അക്കൗണ്ടിങ്ങ് ആൻഡ് ഓഡിറ്റിങ്ങ് സർവീസ് സൊസൈറ്റി(കാസ്സ്)ക്കാണ് പുരസ്കാരം. വിജയകരമായ പദ്ധതി നിർവഹണത്തിൽ അമൂല്യമായ പങ്കാളിത്തം വഹിച്ചതിനാണ് 'കാസിന് പുരസ്കാരം. മനോഹർ ലാൽ ഖട്ടറിൽ നിന്നും ബീന ഇ, സോണിയ ജെയിംസ്, ഷിജി മാത്യു എന്നിവർ ചേർന്ന് പുരസ്കാരം സ്വീകരിച്ചു.രാജ്യത്ത് 29 സംസ്ഥാനങ്ങളിലെയും എട്ട് കേന്ദ്രഭരണ പ്രദേശങ്ങളിലെയും നഗരമേഖലയിൽ എൻ.യു.എൽ.എം പദ്ധതി നടപ്പാക്കുന്നുണ്ട്. ഇതിൽ ദേശീയതലത്തിൽ മികവ് പുലർത്തിയതിനാണ് കേരളത്തിന് അംഗീകാരം. 2020-21 സാമ്പത്തികവർഷം ഒന്നാം സ്ഥാനവും 2021-22, 2022-23, 2018-19 വർഷങ്ങളിൽ രണ്ടാം സ്ഥാനവും 2019-20, 2017-18 വർഷങ്ങളിൽ മൂന്നാം സ്ഥാനവും കേരളം നേടിയിട്ടുണ്ട്.

എൻ.യു.എൽ.എം പദ്ധതി പ്രകാരം പദ്ധതിയുടെ ലക്ഷ്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം നിഷ്ക്കർഷിച്ചിട്ടുള്ള പൊതുവായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സ്പാർക് റാങ്കിങ്ങ് നൽകുന്നത്. സംസ്ഥാനത്ത് നഗരദരിദ്രരുടെ ജീവിത പുരോഗതി ലക്ഷ്യമിട്ട് സംസ്ഥാനത്ത് 93 നഗരസഭകളിൽ നടപ്പാക്കുന്ന പദ്ധതിയിലൂടെ ഇതിനകം ശ്രദ്ധേയമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. നഗര ദരിദ്രരെ കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ കീഴിൽ കണ്ണി ചേർക്കുന്നതോടൊപ്പം അവരുടെ ഭൗതികജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തൊഴിൽ പരിശീലനങ്ങളും തൊഴിലും ലഭ്യമാക്കിയതിലൂടെ സാമ്പത്തികവും സാമൂഹ്യവുമായ പുരോഗതി കൈവരിക്കാൻ പദ്ധതി സഹായകമായെന്നാണ് വിലയിരുത്തൽ. കൂടാതെ അഗതികൾക്കു വേണ്ടി ഷെൽട്ടർ ഹോമുകൾ, തെരുവു കച്ചവടക്കാർക്ക് തിരിച്ചറിയൽ കാർഡ് നൽകുകയും വായ്പകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

## മഴ: 4 ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ അവധി; 2 ജില്ലകളിൽ ഭാഗിക അവധി

കഴിഞ്ഞ ഒരാഴ്ചയായി ജില്ലയിൽ മഴ ശക്തി പ്രാപിക്കുകയാണ്, ഒറ്റപ്പെട്ട ഇടങ്ങളിൽ മഴമൂലം ഉണ്ടാകുന്ന അപകടങ്ങൾ ഒഴിച്ച് ജില്ലയിൽ ഇതുവരെ സ്ഥിതി ശാന്തമാണ്. ഇടവിട്ട് പെയ്യുന്ന മഴയെ ചെറുക്കാൻ റെയിൻ കോട്ടും ധരിച്ച് കുഞ്ഞനുജത്തിക്കൊപ്പം മഴ ആസ്വദിക്കുന്ന കുട്ടി. പാലക്കാട് കാഴ്ചപ്പറമ്പിൽ സമീപത്ത് നിന്നുള്ള കാഴ്ച. ജില്ലയിൽ ഇന്ന് യെല്ലോ അലർട്ട് ആണ്.